# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 മാർച്ച് 18, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 256–ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 256–ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**ചരമോപചാരം**

സി.ഒ. പൗലോസിന്റെ നിര്യാണം

മുൻ രാജ്യസഭാംഗമായ സി.ഒ. പൗലോസിന്റെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള

ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റ് നിന്ന് മൗനമാചരിക്കുകയും ചെയ്തു.

**ഗവർണ്ണറുടെ സന്ദേശം**

2013 ഫെബ്രുവരി 7-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നൽകിയ മറുപടി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

**ചെയർമാൻമാരുടെ പാനൽ**

സർവ്വശ്രീ മുല്ലക്കര രത്നാകരൻ, വർക്കല കഹാർ, എം. ഉമ്മർ എന്നീ അംഗങ്ങളെ പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

**അടിയന്തര പ്രമേയം**

**ഇറ്റാലിയൻ നാവികരെ ഇൻഡ്യയിലേയ്ക്ക് തിരിച്ചയയ്ക്കാത്തത് സംബന്ധിച്ച്**

മി. സ്പീക്കർ: കേരളത്തിലെ രണ്ട് മത്സ്യത്തൊഴിലാളികളെ കടലിൽ വച്ച് വെടിവച്ചുകൊന്ന ഇറ്റാലിയൻ നാവികരെ ഇൻഡ്യയിലേയ്ക്ക് തിരിച്ച് അയയ്ക്കേണ്ടതില്ലെന്ന് ഇറ്റാലിയൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഇൻഡ്യൻ നിയമത്തിൻ കീഴിൽ വിചാരണ നേരിടുന്ന പ്രതികൾ ജാമ്യത്തിന് ശ്രമിക്കുമ്പോൾ സംസ്ഥാന-കേന്ദ്ര സർക്കാരുകൾ നിയമാനുസൃതം സുപ്രീം കോടതിയിൽ എതിർക്കാതെ അവർക്ക് ഇൻഡ്യ വിടാൻ വഴിയൊരുക്കിയ നടപടി മത്സ്യമേഖലയിലും മറ്റുമുണ്ടാക്കിയിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി.കെ. ഗുരുദാസൻ,

വി.എസ്. സുനിൽകുമാർ, മാത്യു റ്റി. തോമസ്, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 7.2.2012-ന് ഉച്ചയ്ക്ക് 12.00 മണിക്ക് ശക്തികുളങ്ങരയിൽ നിന്ന് മത്സ്യബന്ധനത്തിന് പോയ സെന്റ് ആന്റണീസ് എന്ന ബോട്ടിന് നേരെ 15.02.2012-ന് വൈകിട്ട് 4.30-ഓടുകൂടി തൃക്കുന്നപ്പുഴയ്ക്ക് പടിഞ്ഞാറ് കടലിൽ വച്ച് എൻറിക്കാ ലെക്സി എന്ന ഇറ്റാലിയൻ കപ്പലിൽ നിന്ന് വെടിയേറ്റ് രണ്ടു മത്സ്യത്തൊഴിലാളികൾ മരണപ്പെട്ട സംഭവത്തിൽ ബോട്ടുടമയുടെ മൊഴി പ്രകാരം നീണ്ടകര കോസ്റ്റൽ പോലീസ് കേസെടുത്ത് അന്വേഷണം നടത്തിയതിനെത്തുടർന്ന് 19.02.2012-ൽ പ്രതികളായ രണ്ട് ഇറ്റാലിയൻ നാവികരെ കോടതി റിമാന്റ് ചെയ്യുകയും 30.05.2012-ൽ കേരള ഹൈക്കോടതി ജാമ്യം അനുവദിക്കുകയും ചെയ്തു. 20.12.2012-ൽ പ്രതികൾക്ക് ക്രിസ്തുമസ് ആഘോഷിക്കാൻ നാട്ടിൽ പോകണമെന്ന അപേക്ഷ വന്നപ്പോൾ സംസ്ഥാന സർക്കാർ അതിനെ ശക്തമായി എതിർത്തെങ്കിലും ഇറ്റാലിയൻ അംബാസിഡറുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ 22.12.2012-ന് അവരെ ജന്മനാട്ടിലേയ്ക്ക് പോകാൻ അനുവദിക്കുകയും 04.01.2013-ന് അവർ തിരികെ കോടതിയിൽ സറണ്ടറാവുകയും ചെയ്തു. അതിനുശേഷം കേരള ഹൈക്കോടതിയുടെ വ്യവസ്ഥകൾ പാലിക്കത്തക്ക വിധത്തിൽ പ്രതികൾക്ക് ഡൽഹിയിലേയ്ക്ക് പോകാൻ സുപ്രീം കോടതി അനുവാദം നൽകി. തുടർന്ന് അവർക്ക് ഇറ്റലിയിലെ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ അനുവാദം നൽക

ണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചപ്പോൾ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും അതിനെ എതിർത്തെങ്കിലും സുപ്രീം കോടതി അവർക്ക് അനുവാദം നൽകി. ഇതുസംബന്ധിച്ച് കേരളത്തിലെ ജനങ്ങളുടെ വികാരം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇറ്റാലിയൻ അംബാസിഡർ ഇൻഡ്യ വിട്ട് പോകരുതെന്ന നിർദ്ദേശം സൂപ്രീം കോടതി നൽകിയിട്ടുണ്ട്. ഇന്ന് സുപ്രീം കോടതിയുടെ പരിഗണനയ്ക്ക് ഈ കേസ് വരികയാണ്. രണ്ട് മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്ന ഇറ്റാലിയൻ നാവികരെ ഇൻഡ്യൻ നിയമത്തിന് വിധേയമായിത്തന്നെ വിചാരണ ചെയ്യും.

ശ്രീ. പി. കെ. ഗുരുദാസൻ: ഇന്ത്യൻ പരമാധികാരത്തിനും യശസ്സിനും നിയമവാഴ്ചയ്ക്കും നേരെയുള്ള കടുത്ത കടന്നാക്രമണമാണ് ഇറ്റാലിയൻ ഭരണാധികാരികളുടെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത്. പരിഷ്കൃത നിയമ സംവിധാനമനുസരിച്ചുള്ള രാഷ്ട്രമെന്ന നിലയിൽ ഇറ്റാലിയൻ നാവികർക്ക് ക്രിസ്തുമസിന് നാട്ടിൽ പോകുവാൻ അനുമതി നൽകിയിരുന്നു. വിദേശ രാജ്യത്തുനിന്നുകൊണ്ട് തടവുകാർക്ക് വോട്ടു ചെയ്യാനുള്ള അവകാശം ഉണ്ടായിരിക്കേ അത് വിനിയോഗിക്കാതെ കോടതിയെ തെറ്റിദ്ധരിപ്പിച്ചാണ് ഇറ്റലിയിൽ പോകുവാൻ അനുമതി തേടിയത്. ഇന്ത്യൻ നിയമ വ്യവസ്ഥയ്ക്ക് വിധേയമായി മാത്രമേ ഈ പ്രശ്നം കൈകാര്യം ചെയ്യാൻ പാടുള്ളൂ. സുപ്രീംകോടതിയുടെ ജാമ്യവ്യവസ്ഥ ഇറ്റാലിയൻ നാവികർ ലംഘിച്ചതിന്റെ ഫലമായി ഇറ്റാലിയൻ അംബാസഡർ ഇന്ത്യ വിട്ടുപോകരുതെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചിരിക്കുകയാണ്. ഈ സംഭവത്തിൽ ഗുഢാലോചന ഉണ്ടെന്നുള്ളത് വളരെ വ്യക്തമാണ്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ അതിന്മേൽ വ്യക്തമായ മറുപടി നൽകണം. മഹസർ റിപ്പോർട്ട് പ്രകാരം 22.5

നോട്ടിക്കൽ മൈൽ അകലെയും എഫ്.ഐ.ആർ അനുസരിച്ച് 33 നോട്ടിക്കൽ മൈൽ അകലെയും സുപ്രീം കോടതിയിൽ പോയപ്പോൾ 20.5 നോട്ടിക്കൽ മൈൽ അകലെയുമാണ് സംഭവം നടന്നതായി രേഖപ്പെടുത്തിയിരിക്കുന്നത്. യാതൊരു വ്യവസ്ഥകളുമില്ലാതെയാണ് ഇറ്റാലിയൻ അംബാസഡറുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ നാലാഴ്ചത്തേയ്ക്ക് നാട്ടിൽ പോകുവാൻ നാവികരെ അനുവദിച്ചത്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ 1976–ലെ മാരിടൈം സോൺ ആക്ട് പ്രകാരം 27–08–1981–ൽ പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ അനുസരിച്ച് സമുദ്രത്തിന്റെ ഏത് ഭാഗത്ത് കുറ്റകൃത്യം നടന്നാലും ഇന്ത്യൻ പീനൽ കോഡും ക്രിമിനൽ പ്രൊസീഡ്യുവർ കോഡും പ്രകാരം കേസ്സെടുക്കുവാൻ ഇന്ത്യക്ക് അവകാശമുണ്ട്. ഈ കേസിൽ കേരള ഗവൺമെന്റ് കക്ഷി ചേരുകയും റിവ്യൂ ഹർജി കൊടുക്കുകയും ചെയ്യണമായിരുന്നു. ക്രിമിനൽ ജൂറിസ്ഡിക്ഷൻ പ്രകാരം സംഭവം നടന്ന സ്ഥലത്ത് ഇൻവെസ്റ്റിഗേഷൻ നടത്തണം. കേരളത്തിന്റെ പരമാധികാരം പുന:സ്ഥാപിക്കുന്നതിനായി കേരള ഗവൺമെന്റ് ഈ കേസ്സിൽ ഇടപെടണം. സുപ്രീംകോടതി നിയമിക്കുന്ന സ്പെഷ്യൽ കോടതി കേരളത്തിൽ സ്ഥാപിക്കണം. സെന്റ് ആന്റണീസ് ബോട്ടിലെ മത്സ്യത്തൊഴിലാളികളായ സാക്ഷികൾക്ക് കേസ് നടത്താനുള്ള അവസരം കൊടുക്കുകയും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളോട് നീതി പുലർത്തുകയും ചെയ്യണം. മത്സ്യത്തൊഴിലാളികളുടെ ജീവൻ സംരക്ഷിക്കപ്പെടുകയും 60 നോട്ടിക്കൽ മൈൽവരെ മത്സ്യബന്ധനത്തിനുള്ള അവകാശം നൽകുകയും സംസ്ഥാന സർക്കാർ കേസിൽ കക്ഷി ചേരുകയും റിവ്യൂ ഹർജി നൽകുകയും ചെയ്യണം. ഇറ്റാലിയൻ നാവികരെ ഇൻഡ്യൻ

നിയമമനുസരിച്ച് വിചാരണ ചെയ്ത് ശിക്ഷിക്കണം. കേരളത്തിന്റെ പരമാധികാരം സംരക്ഷിക്കപ്പെടണം. ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ സംഭവവുമായി ബന്ധപ്പെട്ട കപ്പൽ കസ്റ്റഡിയിലെടുക്കുകയും കുറ്റക്കാരായ ഇറ്റാലിയൻ നാവികരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരികയും ചെയ്തു. 12 നോട്ടിക്കൽ മൈൽ ദൂരത്തു വച്ചുണ്ടായ സംഭവമായതിനാൽ ഇൻഡ്യയിൽ വിചാരണ ചെയ്യാൻ പാടില്ലെന്ന തർക്കമുണ്ടാകുകയും അത് കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും ചെയ്തുവെങ്കിലും ഇൻഡ്യൻ നിയമമനുസരിച്ചുതന്നെ കേസ് വിചാരണ ചെയ്യണമെന്നത് കോടതികളെല്ലാം അംഗീകരിച്ചിട്ടുണ്ട്. കണ്ടിഗ്യുവസ് സോണിൽ വച്ചുണ്ടായ സംഭവമായതിനാൽ സുപ്രീംകോടതി ഒരു സ്പെഷ്യൽ കോർട്ടുണ്ടാക്കി കേന്ദ്ര സർക്കാരിന്റെ നിരീക്ഷണത്തിൽ കേസിന്റെ തുടർ നടപടികൾ നടത്തണമെന്ന സുപ്രീം കോടതിയുടെ നിർദ്ദേശത്തെ എതിർക്കേണ്ട ആവശ്യമില്ല. മരണപ്പെട്ടവരുടെ ആശ്രിതർക്ക് 1 കോടി രൂപ വീതവും ബോട്ടുടമയ്ക്ക് 25 ലക്ഷം രൂപയും കപ്പൽ കമ്പനി നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ക്രിമിനൽ കുറ്റം ചെയ്ത ഇറ്റാലിയൻ നാവികരെ തിരിച്ചുകൊണ്ടുവരികയും ഇൻഡ്യൻ നിയമമനുസരിച്ച് വിചാരണ ചെയ്ത് ശിക്ഷിക്കുകയും ചെയ്യും. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ പൂർണ്ണ പിന്തുണയും സഹകരണവുമാണുള്ളത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്.അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ

### (1) പാചക വാതക ദൗർലഭ്യം

ശ്രീ. പി. കെ. ബഷീർ: ചേളാരി ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ബോട്ടിലിംഗ് പ്ലാന്റിൽ കരാർ തൊഴിലാളികളുടെ സമരം മൂലം മലബാർ മേഖലയിൽ മാസങ്ങളോളമായി പാചകവാതക വിതരണത്തിൽ രൂക്ഷമായ പ്രതിസന്ധി ഉണ്ടായിരിക്കുകയാണ്. കരിഞ്ചന്തയിൽ സബ്സിഡിയില്ലാത്ത സിലിണ്ടറുകൾ മൂന്നിരട്ടി തുക കൊടുത്ത് വാങ്ങേണ്ട സ്ഥിതിവിശേഷമാണുള്ളത്. ഗ്യാസിന്റെ ലഭ്യതക്കുറവ് ഇന്റക്ഷൻ കുക്കറുകളുടെ ഉപയോഗം അമിതമാക്കുന്നതിനാൽ വൈദ്യുത പ്രതിസന്ധിക്കും കാരണമാകുന്നുണ്ട്. മലബാർ മേഖലയിലെ ഐ.ഒ.സി. ഉപഭോക്താക്കളെ എച്ച്.പി.എൽ.ലേയ്ക്കോ ബി.പി.സി.എൽ.ലേയ്ക്കോ മാറ്റുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പാചകവാതക വിതരണക്ഷാമത്തിന് പ്രധാന കാരണം ബോട്ടിലിംഗ് പ്ലാന്റുകളിലെ കരാർ തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നമാണ്. മലബാർ മേഖലയിൽ

പ്രധാനമായും എൽ.പി.ജി. വിതരണം നടത്തുന്ന ചേളാരി ബോട്ടിലിംഗ് പ്ലാന്റ് പ്രവർത്തനരഹിതമായതിനാൽ വിതരണം മുടങ്ങിയിട്ടുണ്ടെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ സംസ്ഥാനതല കോ–ഓർഡിനേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 18–2–2013–ന് വിവിധ തൊഴിലാളി സംഘടനാപ്രതിനിധികൾ, ഐ.ഒ.സി. പ്രതിനിധികൾ, കരാർ ഉടമയുടെ പ്രതിനിധി എന്നിവരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സമരം അവസാനിപ്പിച്ച് ബോട്ടിലിംഗും വിതരണവും ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലാ കളക്ടർ ഇത് നിരന്തരം മോണിറ്റർ ചെയ്യുന്നുണ്ട്. ബോട്ടിലിംഗ് പ്ലാന്റുകളുള്ള എറണാകുളം, കോഴിക്കോട്, കൊല്ലം, പാലക്കാട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ കളക്ടർ ചെയർമാനായി കോ–ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. തർക്കങ്ങൾ പരിഹരിക്കുന്നതിന് സെൻട്രൽ അസിസ്റ്റന്റ് ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ കൊച്ചിയിൽ വച്ച് ഒരു അനുരഞ്ജന ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പാചക വാതക വിതരണം സുഗമമാക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

## (2) റവന്യൂ റിക്കവറി നടപടികൾ

ശ്രീ. എ.കെ. ബാലൻ: സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും കുടിശ്ശികയായതുമായ വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള തുക കഴിഞ്ഞ സർക്കാർ അനുവദിച്ചിരുന്നു. പദ്ധതിയുടെ കാലാവധി 30.6.2012 വരെ ദീർഘിപ്പിച്ചെങ്കിലും സർക്കാർ ആവശ്യമായ തുക അനുവദിക്കാത്തതിനാൽ ഗുണഭോക്താക്കൾ ജപ്തി ഭീഷണി നേരിടുകയാണ്.

50,000 രൂപ വരെയുള്ള വായ്പ എഴുതിത്തള്ളുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടില്ല. പിഴപ്പലിശയും പലിശയുടെ 50 ശതമാനവും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന് ചെലവായ തുക നൽകിയിട്ടില്ല. പട്ടികജാതി വിഭാഗങ്ങൾ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും മൊറട്ടോറിയം പ്രഖ്യാപിക്കാനും എഴുതിത്തള്ളുന്ന വായ്പകളുടെ പരിധി 25,000 രൂപയിൽനിന്ന് ഒരു ലക്ഷം രൂപയായി ഉയർത്താനും പലിശയും പിഴപ്പലിശയും പൂർണ്ണമായും എഴുതിത്തള്ളാനും മുതലിന് ഗഡുക്കൾ അനുവദിക്കാനും നടപടി സ്വീകരിക്കണം. എസ്.സി./എസ്.ടി വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് എന്നിവ കൃത്യമായി ലഭ്യമാക്കണം. 2013 മാർച്ച് 31-നുള്ളിലുള്ള കടങ്ങളുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ): എസ്.സി/എസ്.ടി. കോർപ്പറേഷൻ, പിന്നോക്ക വികസന കോർപ്പറേഷൻ, പട്ടികവർഗ്ഗ പരിവർത്തിത ക്രൈസ്തവ വിഭാഗ കോർപ്പറേഷൻ എന്നിവവഴി 31.3.2011 വരെ എടുത്തിട്ടുള്ള വായ്പകളുടെ പിഴപ്പലിശ പൂർണ്ണമായും പലിശ 50 ശതമാനവും എഴുതിത്തള്ളാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. 25,000 രൂപ എന്നുള്ളത് 50,000 രൂപ വരെയെന്ന് തത്വത്തിൽ തീരുമാനമെടുക്കുകയും അതിനാവശ്യമായ പണം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു

വരികയുമാണ്. 2000-നുമുമ്പുള്ള വായ്പകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

## സബ്മിഷൻ

### (1) സർക്കാർ വകുപ്പുകൾക്കു കീഴിലുള്ള ഉപയോഗശൂന്യമായ ഭൂമി

ശ്രീ. ബി.ഡി. ദേവസ്സി: ചാലക്കുടി നിയോജകമണ്ഡലത്തിൽപ്പെട്ട വിവിധ സർക്കാർ വകുപ്പുകൾക്കു കീഴിൽ ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിനും സർക്കാരിന്റെ വികസനപ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): തൃശ്ശൂർ ജില്ലയിൽ വിവിധ വകുപ്പുകളുടെ കൈവശത്തിലും ഉടമസ്ഥതയിലുമുള്ള ഭൂമി സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്കും സീറോ ലാന്റ്ലെസ്സ് സ്കീമിനുവേണ്ടിയും വിനിയോഗിക്കുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. ചാലക്കുടി നിയോജകമണ്ഡലത്തിൽപ്പെട്ട വിവിധ സർക്കാർ വകുപ്പുകൾക്കു കീഴിൽ ഉപയോഗശൂന്യമായി കിടക്കുന്ന അധിക ഭൂമി സംരക്ഷിക്കാനും വികസനാവശ്യത്തിന് ഉപയോഗിക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### (2) പടക്കനിർമ്മാണശാലകളുടെ പ്രവർത്തനം

ശ്രീമതി കെ.എസ്. സലീഖ: ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ പന്നിയങ്കുറിശ്ശി പടക്ക നിർമ്മാണശാലയിലുണ്ടായ സ്ഫോടനത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് അനുവദിച്ച ധനസഹായം കാലതാമസം കൂടാതെ ലഭ്യമാക്കാനും പടക്ക നിർമ്മാണ ശാലകളുടെ സുരക്ഷാ മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കാനും ആഭ്യന്തര, റവന്യു വകുപ്പുകളെ

സംയോജിപ്പിച്ച് പടക്ക നിർമ്മാണ ശാലകളുടെ പ്രവർത്തനം കർശനമായി നിരീക്ഷിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 02.03.2013-ന് ഷൊർണ്ണൂർ നിയോജ കമണ്ഡലത്തിൽപ്പെട്ട പന്നിയങ്കുറിശ്ശിയിലെ പടക്ക നിർമ്മാണശാല യിലുണ്ടായ സ്ഫോടനത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അനുവ ദിച്ച 5 ലക്ഷം രൂപ എത്രയുംവേഗം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അനധികൃത പടക്ക നിർമ്മാണശാലകൾ പ്രവർത്തിക്കു ന്നില്ലെന്ന് ഉറപ്പുവരുത്താൻ കളക്ടർമാർക്കും പോലീസ് സൂപ്രണ്ടുമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

### (3) ഭരണഭാഷ മലയാളമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. പി. മുഹമ്മദ്: മലയാള ഭാഷ ഒന്നാം ഭാഷയാക്കി പുറപ്പെടുവിച്ചിട്ടുള്ള ഗവൺമെന്റ് ഉത്തരവിന്റെ ലംഘനം തടയുന്നതിനുള്ള നിയമനിർമ്മാണം നടത്തുക, കോടതിഭാഷ പൂർണ്ണമായും മലയാളത്തിലാ ക്കുക, പ്രവേശന പരീക്ഷ മലയാളത്തിലെഴുതാൻ അനുവദിക്കുക, മലയാള ഭാഷയ്ക്കുമാത്രമായി സെക്രട്ടേറിയറ്റിൽ ഒരു വകുപ്പും അതിന് കീഴിൽ ഡയറക്ടറേറ്റും രൂപീകരിക്കുക തുടങ്ങി ഐക്യ മലയാള പ്രസ്ഥാനം ഉന്ന യിച്ചിട്ടുള്ള ആവശ്യങ്ങൾ നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഭരണ ഭാഷ മലയാളമാക്കാനും കോടതികളിൽ മലയാള ഭാഷ ഉപയോഗിക്കുന്നതിനുമുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. മലയാളം സർവ്വകലാശാലയ്ക്ക് ആരംഭം കുറിച്ചു കൊണ്ട് മലയാളത്തിന് ക്ലാസ്സിക്കൽ പദവി നേടാനുള്ള ശ്രമങ്ങൾ അവസാന

ഘട്ടത്തിലാണ്. സർക്കാർ ഉദ്യോഗം ലഭിക്കുന്നതിന് മലയാള ഭാഷ നിർബന്ധ മാക്കിയ വ്യവസ്ഥ പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടെങ്കിലും കാസർഗോഡ്, ഇടുക്കി ജില്ലകളിലെ ന്യൂനപക്ഷ ഭാഷാ വിഭാഗങ്ങളിൽനിന്നും ലഭിച്ച പരാതിക്ക് പരിഹാരം കാണാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഔദ്യോഗിക ഭാഷാ നിയമപ്രകാരം നാളിതുവരെ ഘട്ടംഘട്ടമായി 72 സർക്കാർ വകുപ്പുകൾ, 31 സ്വയംഭരണ സ്ഥാപനങ്ങൾ, 44 പൊതുമേഖലാ/സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽ ഔദ്യോഗിക ഭാഷ മലയാളമാക്കി വിജ്ഞാപനം പുറപ്പെടുവിക്കുകയും ഭാഷാ മാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നതതല സമിതിയും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ സംസ്ഥാനതല സമിതിയും കൂടാതെ വകുപ്പുതല-ജില്ലാതല-താലൂക്കുതല സമിതികളും പ്രവർത്തിച്ചുവരികയാണ്.

### (4) പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ 28 വീടുകൾ കടവൂർ വില്ലേജിൽ ഉൾപ്പെടുത്താൻ നടപടി

ശ്രീ. ജോസഫ് വാഴക്കൻ: എറണാകുളം ജില്ലയുടെ പരിധിയിലുള്ള പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ 28 കുടുംബങ്ങളെ കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് അതിർത്തിയിൽപ്പെട്ട 28 കുടുംബങ്ങളുടെ നിയോജകമണ്ഡലം എറണാകുളം ജില്ലയിലെ മുവാറ്റുപുഴയാണെങ്കിലും ഭൂമി സംബന്ധമായ റിക്കോർഡുകൾ

ഇടുക്കി ജില്ലയിലാണ്. സെൻട്രൽ സർവ്വേ അസിസ്റ്റന്റ് ഡയറക്ടർ മുഖാന്തിരം വില്ലേജ് അതിർത്തി പുനർനിർണ്ണയം ചെയ്തുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ കോടിക്കുളം, കുമാരമംഗലം വില്ലേജുകളിൽപ്പെട്ട കുടുംബങ്ങളെ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിൽ ഉൾപ്പെടുത്താവുന്നതുമാണ്.

### (5) എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നത്തിൽ അടിയന്തിരമായി ഇടപെടാനും പ്രശ്നപരിഹാരത്തിനായി എത്രയും വേഗം കോൺഫറൻസ് വിളിച്ചു ചേർക്കാനും ഗവൺമെന്റ് മുൻകയ്യെടുക്കണം. ചില സാങ്കേതിക കാരണത്താൽ ആനുകൂല്യം നിഷേധിക്കപ്പെട്ട ക്യാൻസർ, അപസ്മാര രോഗികൾക്കും പുതുതായി രോഗം ബാധിച്ചവർക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കാനും കടങ്ങൾ എഴുതിത്തള്ളാനും ശ്രീ. മോഹൻ കുമാർ നടത്തിവരുന്ന നിരാഹാര സമരം ഒത്തുതീർപ്പാക്കാനും നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എം.പി.മാർക്കുകൂടി പങ്കെടുക്കാനുള്ള സാഹചര്യം ഒരുക്കുന്നതിനുവേണ്ടിയാണ് കോൺഫറൻസ് 25-ാം തീയതി വച്ചിട്ടുള്ളതെങ്കിലും നിരാഹാര സമരം ഒത്തുതീർപ്പാക്കുന്നതിനായി ഏറ്റവും അടുത്ത ദിവസം യോഗം ചേരുന്നതും മറ്റ് പ്രശ്നങ്ങളെക്കുറിച്ച് പിന്നീട് ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതുമാണ്.

## (6) കൊച്ചി മെട്രോ സർവ്വീസ്

ശ്രീ. വി. പി. സജീന്ദ്രൻ: കൊച്ചി മെട്രോ സർവ്വീസ് പേട്ടയിൽനിന്നും തൃപ്പൂണിത്തുറ വരെ ദീർഘിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിയ സാഹചര്യത്തിൽ അമ്പലമുകൾ വരെ നീട്ടാനുള്ള നടപടിയുണ്ടാകണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ആലുവയിൽനിന്ന് നെടുമ്പാശ്ശേരി വരെയും തൃപ്പൂണിത്തുറയിൽനിന്നും സ്മാർട്ട് സിറ്റി ഉൾപ്പെടെയുള്ള വ്യവസായ മേഖലയിൽകൂടി കാക്കനാട് വഴി ആലുവ വരെയും ഫോർട്ട് കൊച്ചി മുതൽ മട്ടാഞ്ചേരിയിലേയ്ക്കുമാണ് കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ സാധ്യതാ പഠനം നടത്താൻ തീരുമാനിച്ചിട്ടുള്ളതെങ്കിലും തൃപ്പൂണിത്തുറ മുതൽ അമ്പലമുകൾ വരെ നീട്ടുന്ന കാര്യം കൂടി സാധ്യതാ പഠനത്തിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെടുന്നതാണ്.

## (7) കേപ്പിന്റെ കീഴിലുള്ള എൻജിനീയറിംഗ് കോളേജുകൾ

ശ്രീ. കെ. ശിവദാസൻ നായർ: കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജിന് എൻ.ഒ.സി. റിന്യൂ ചെയ്ത് നൽകാൻ അടിയന്തിര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): കഴിഞ്ഞ അദ്ധ്യയന വർഷം ഏകദേശം 18,000–ത്തോളം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതായി എൻട്രൻസ് കമ്മീഷണർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണ് പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്താൻ തീരുമാനിച്ചത്. കേപ്പിന്റെ കീഴിലുള്ള ആറൻമുള എഞ്ചിനീയറിംഗ് കോളേജിന് എൻ.ഒ.സി നൽകുന്നത് പുന:പരിശോധിക്കുന്ന കാര്യം മുഖ്യമന്ത്രിയുമായി ആലോചിക്കാം.

## (8) തേഞ്ഞിപ്പാലം പി.എച്ച്.സി

ശ്രീ. കെ. എൻ.എ. ഖാദർ: വളളിക്കുന്ന് നിയോജകമണ്ഡലത്തിൽ പെരുവളളൂർ ഗ്രാമപഞ്ചായത്തിലുളള തേഞ്ഞിപ്പാലം പി.എച്ച്.സി. സി.എച്ച്.സി.യായി ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): പെരുവളളൂർ ഗ്രാമപഞ്ചായത്തിലെ തേഞ്ഞിപ്പാലം പി.എച്ച്.സി.യെ 06.11.2008-ലാണ് 24 മണിക്കൂറും പ്രവർത്തിക്കുന്ന പി.എച്ച്.സി.യായി ഉയർത്തിയത് അവിടെ രണ്ട് ഡോക്ടർമാരുൾപ്പെടെ 18 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. പി.എച്ച്.സി.കളിൽ കിടത്തി ചികിത്സ ആവശ്യമുളള സ്ഥലങ്ങളിൽ ഡോക്ടർമാരുൾപ്പെടെയുളള ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത പഠനം പൂർത്തിയാക്കി തേഞ്ഞിപ്പാലം പി.എച്ച്.സി.യിൽ കിടത്തി ചികിത്സ ആവശ്യമാണെന്ന് കാണുന്ന പക്ഷം ആയതിലേയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കുന്നതോടൊപ്പം സി.എച്ച്.സി. യായി ഉയർത്തുന്ന കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## (9) ഷെഫിൻ നൗഷാദിന്റെ മരണം

ശ്രീ. സി. ദിവാകരൻ: കരുനാഗപ്പളളി നിയോജകണ്ഡലത്തിലെ ശ്രീബുദ്ധ സെൻട്രൽ സ്കൂളിലെ വിദ്യാർത്ഥിയായിരുന്ന ഷെഫിൻ നൗഷാദ് ഇലക്ട്രിക് ഷോക്കേറ്റ് മരണപ്പെട്ടത് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരികയും ആ കുടുംബത്തോട് ഉദാരമായ സമീപനം സ്വീകരിക്കുകയും വേണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പ്രസ്തുത കേസിനെക്കുറിച്ച് അന്വേഷണം നടത്തി സി.ആർ.പി.സി 174 പ്രകാരം പ്രാഥമികമായി ഒരു കേസ് രജിസ്റ്റർ ചെയ്തത് തൃപ്തികരമല്ലെന്ന് തോന്നിയതിനാൽ വിശദമായ അന്വേഷണത്തിന് ഉത്തരവിട്ടതിനെത്തുടർന്ന് ഐ.പി.സി 304-ാം വകുപ്പ് കൂടി ഉൾപ്പെടുത്തി സ്കൂൾ ഡ്രൈവർ ഒന്നാം പ്രതിയായും ശ്രീബുദ്ധ ഫൗണ്ടേഷൻ ട്രഷറർ രണ്ടാം പ്രതിയായും സ്കൂൾ പ്രിൻസിപ്പൽ മൂന്നാം പ്രതിയായും കേസെടുത്ത് കോടതി പരിഗണിച്ചുവരികയാണ്. മരണപ്പെട്ട വിദ്യാർത്ഥിയുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്ന കാര്യം മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

## (10) യാക്കോബായ സഭ നടത്തുന്ന സമരം

ശ്രീ. സാജു പോൾ: യാക്കോബായ-സുറിയാനി സഭാവിശ്വാസികൾക്കും പുരോഹിതൻമാർക്കുമെതിരെ എടുത്തിട്ടുള്ള കള്ളക്കേസുകൾ പിൻവലിക്കാനും പൂട്ടിക്കിടക്കുന്ന 20 പള്ളികൾ തുറന്ന് സമാധാനത്തോടെ ആരാധന നടത്താനും നടപടിയുണ്ടാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിൽ വിവിധ പള്ളികളുടെ അവകാശം സംബന്ധിച്ച് 1908 മുതൽ ആരംഭിച്ച തർക്കങ്ങൾ ഇപ്പോഴും തുടരുകയാണ്. ഈ വിഷയത്തിൽ ഇടപെടുന്നതിന് പരിമിതികളുണ്ടെങ്കിലും ക്രമസമാധാന

പ്രശ്നങ്ങൾ ഉണ്ടാകുന്ന വിധത്തിൽ പള്ളിത്തർക്കങ്ങൾ മാറുമ്പോൾ സർക്കാർ ഇടപെടുകയും പ്രശ്നപരിഹാരത്തിനായി കോടതി വിധികൾക്ക് വിധേയമായി താൽക്കാലിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ട്. പ്രശ്ന പരിഹാരമുണ്ടാക്കുന്നതിന്റെ ഭാഗമായി മിനിഞ്ഞാന്ന് ബന്ധപ്പെട്ടവരുമായി സംസാരിച്ചിട്ടുണ്ട്. ഈ പ്രശ്നം സമാധാനപരമായി പരിഹരിക്കാൻ രാഷ്ട്രീയഭേദമെന്യേ എല്ലാവരും സഹകരിക്കണം.

(11) <u>നാടോടികളുടെ സുരക്ഷയും പുനരധിവാസവും</u>

<u>ശ്രീമതി കെ.കെ.ലതിക</u>: മൂന്ന് വയസ്സുകാരിയായ ഒരു നാടോടി പെൺകുട്ടി പീഡിപ്പിക്കപ്പെട്ട ദാരുണ സംഭവം ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ തെരുവുകളിലും കടത്തിണ്ണകളിലും രാത്രികാലങ്ങളിൽ കഴിയേണ്ടിവരുന്ന നാടോടികളും അല്ലാത്തവരുമായ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും അവർക്ക് ജീവിക്കാനാവശ്യമായ ചുറ്റുപാടുകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): നാടോടികൾ പകൽ സമയങ്ങളിൽ ജോലിക്ക് പോവുകയും രാത്രി കാലങ്ങളിൽ റെയിൽവേ സ്റ്റേഷനിലോ റോഡിന്റെ സൈഡിലോ കഴിയുന്നതുമായ സ്ഥിതിവിശേഷത്തിന് മാറ്റമുണ്ടാകണം. മൂന്നുവയസ്സുള്ള കുട്ടിയുടെമേൽ നിഷ്ഠൂരമായി പെരുമാറിയ പ്രതി ഇപ്പോൾ പോലീസ് കസ്റ്റഡിയിലാണ്. ഇത്തരം സംഭവം ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റ്

നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ ബഡ്ജറ്റിൽ നൈറ്റ് ഷെൽട്ടർ ഉണ്ടാക്കുന്നതിനുവേണ്ടി 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

**റിപ്പോർട്ട് സമർപ്പണം**

ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ക്രമപ്രശ്നം**

<u>**സഭാംഗങ്ങളുടെ പെരുമാറ്റച്ചട്ടം**</u>

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ചീഫ് വിപ്പ് ശ്രീ. പി.സി.ജോർജ് റിപ്പോർട്ടർ ചാനലിന് അഭിമുഖം നൽകിക്കൊണ്ട് നിയമസഭയിലെ മുൻ അംഗങ്ങളായിരുന്ന ടി.വി.തോമസിനേയും ശ്രീമതി കെ.ആർ.ഗൗരിയമ്മ യേയും ശ്രീ. ആർ. ബാലകൃഷ്ണപിള്ളയേയും വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ.ബി. ഗണേഷ് കുമാറിനേയും അസഭ്യം പറഞ്ഞുകൊണ്ട് 14.3.2013-ന് അഭിപ്രായപ്രകടനം നടത്തിയതിനെതിരെ അംഗങ്ങളുടെ പെരുമാറ്റ ചട്ടം 50-ാം വകുപ്പ് അനുസരിച്ച് നടപടി സ്വീകരിക്കണം.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് തൊട്ടു മുമ്പ് ശ്രീ. പി.സി.ജോർജിന്റെ പ്രശ്നവുമായി ബന്ധപ്പെട്ട് സഭ പ്രക്ഷുബ്ധമാ യിരുന്ന അവസരത്തിൽ ശ്രീ. വി.എസ്.സുനിൽകുമാർ ആക്രോശിച്ചുകൊണ്ട്

ട്രഷറി ബഞ്ചുകൾക്ക് നേരെ തിരിഞ്ഞ് ചെരുപ്പ് ഊരി ആംഗ്യം കാണിച്ചതിനെതിരെ സഭാ ചട്ടം അനുസരിച്ച് നടപടി സ്വീകരിക്കണം.

## റൂളിംഗ്

മി. സ്പീക്കർ: ഭരണഘടനയുടെ അനുച്ഛേദം 194 നിയമസഭയ്ക്കും അതിലെ അംഗങ്ങൾക്കും സമിതികൾക്കും പ്രത്യേക അധികാരങ്ങളും വിശേഷാവകാശങ്ങളും നൽകിയിട്ടുണ്ട്. സഭയ്ക്കുള്ളിലെ സംസാര സ്വാതന്ത്ര്യമാണ് അതിൽ ഏറ്റവും മഹത്തരമായിട്ടുള്ളത്. സഭാംഗങ്ങൾക്ക് ഭരണഘടനാനുസൃതമായി ലഭിച്ചിട്ടുള്ള ഈ പരമമായ അവകാശം അവരെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തരാക്കുകയും അതുവഴി കൂടുതൽ ഉത്തരവാദിത്വത്തോടെ പെരുമാറുന്നതിനും സംസാരിക്കുന്നതിനും ബാധ്യസ്ഥരാക്കുകയും ചെയ്യുന്നു. സഭയ്ക്ക് പുറത്തുള്ള സംസാരത്തിന് അംഗങ്ങൾക്ക് പ്രത്യേക പരിരക്ഷ ഒന്നുമില്ല. സഭയ്ക്കുള്ളിൽ സംസാരിക്കുമ്പോൾ ഒരംഗം ഏപ്രകാരം പെരുമാറണമെന്ന് അംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടത്തിന്റെ ചട്ടം 5–ൽ വ്യക്തമാക്കിയിട്ടുണ്ട്. രാജ്യദ്രോഹപരമോ, പ്രക്ഷോഭാത്മകമോ അപകീർത്തികരമോ ആയതും സഭായോഗ്യമല്ലാത്തതുമായ വാക്കുകൾ പ്രയോഗിക്കുന്നതിൽ നിന്നും അംഗത്തെ വിലക്കിയിട്ടുണ്ട്. സഭയ്ക്ക് പുറത്തുള്ള അംഗങ്ങളുടെ പെരുമാറ്റച്ചട്ടങ്ങളും പൊതുസദാചാര തത്വങ്ങളും 33 മുതൽ 50 വരെയുള്ള ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. നിയമസഭാ സാമാജികർ വാക്കിലും പ്രവർത്തിയിലും ഉന്നത നിലവാരം പുലർത്താൻ ബാധ്യസ്ഥരാണ്. അതിന് മങ്ങലേൽപ്പിക്കുന്നത് അത്യന്തം വേദനാജനകവും അംഗങ്ങളുടെയും സഭയുടെയും അന്തസ്സിനെ ഹനിക്കുന്നതുമാണ്. ശ്രീ. പി. സി. ജോർജിന്റെ

സഭയ്ക്ക് പുറത്തുള്ള ചില പ്രസംഗങ്ങൾ പെരുമാറ്റച്ചട്ട ലംഘനമാണെന്ന ആക്ഷേപം ഈ സഭയിൽ പലതവണ ഉന്നയിച്ചിട്ടുള്ളതും ആ സന്ദർഭങ്ങളി ലെല്ലാം അദ്ദേഹം ക്ഷമ ചോദിക്കുകയും സഭ അത് അംഗീകരിക്കുകയും ചെയ്തിട്ടുള്ളതുമാണ്. ഇപ്രാവശ്യം സർവ്വാദരണീയരായ ചില വ്യക്തികളെ ക്കുറിച്ച് അദ്ദേഹം നടത്തിയ പരാമർശങ്ങൾ സഭ്യതയുടെ എല്ലാ സീമകളും ലംഘിക്കുന്നതാണ്.

15-03-2013-ൽ സഭയിൽ ശ്രീ. പി. സി. ജോർജിനെതിരെ ഉന്നയിച്ച പ്രശ്നവും ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ നോട്ടീസിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളും പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയെ നിയമസഭാ നടപടിചട്ടം 250(2), 250(3) സി എന്നിവ പ്രകാരം ചുമതലപ്പെടുത്തുന്നു.

15-03-2013-ൽ ശ്രീ. പി. സി. ജോർജിനെതിരെയുള്ള പ്രശ്നം സഭയിൽ ഉന്നയിച്ച വേളയിൽ ശ്രീ. വി. എസ്. സുനിൽകുമാർ ചെരുപ്പ് കയ്യിലെടുത്ത് ഭരണപക്ഷ അംഗങ്ങൾക്കുനേരെ എറിയുന്നതിന് തുനിഞ്ഞുവെന്ന പരാതി ശ്രീ. ജോസഫ് വാഴയ്ക്കൻ എം.എൽ.എ.യിൽനിന്നും ലഭിച്ചതിനെത്തുടർന്ന് പ്രസ്തുത ദിവസത്തെ വീഡിയോ ദൃശ്യങ്ങൾ ചെയർ പരിശോധിക്കുകയും ആരോപണം ശരിയാണെന്ന് ബോദ്ധ്യമാകുകയും ചെയ്തു. ഇത്തരം കാര്യങ്ങൾ സഭയ്ക്കുള്ളിൽ ഒരിക്കലും ആവർത്തിക്കുവാൻ പാടില്ല. ശ്രീ. വി. എസ് സുനിൽകുമാറിന്റെ ഭാഗത്തുനിന്നുമുണ്ടായ ഗുരുതരമായ അച്ചടക്ക ലംഘനത്തെ ചെയർ അപലപിക്കുകയും അദ്ദേഹത്തെ ശക്തമായി താക്കീത് ചെയ്യുകയും ചെയ്യുന്നു. സഭയുടെ അന്തസ്സിന്

നിരക്കാത്ത ഇത്തരം പെരുമാറ്റം അംഗങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാവുകയാണെങ്കിൽ ചെയർ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. എസ്. സുനിൽകുമാർ: കേരള സംസ്ഥാനത്തിലെ എല്ലാവരാലും അംഗീകരിക്കപ്പെടുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ രണ്ട് നേതാക്കളെക്കുറിച്ച് സീമകളെല്ലാം ലംഘിച്ചുകൊണ്ട് പരാമർശം നടത്തിയ വേളയിൽ ജനങ്ങൾക്കുള്ള ധാർമ്മികമായ രോഷ പ്രകടനം ചെരുപ്പുയർത്തി കാണിച്ച് നടത്തി എന്നത് സത്യമാണ്. ട്രഷറി ബെഞ്ചിനു നേരെയല്ല, ശ്രീ. പി.സി.ജോർജിന് നേരെയാണ് എന്റെ പാദുകം ഉയർത്തി പ്രതിഷേധിച്ചത്. അത് നിയമസഭയുടെ ചട്ടങ്ങൾക്കും അന്തസ്സിനും മോശമാണെങ്കിൽ അതിൽ ഖേദമുണ്ട്. ചെയറിന്റെ ഏത് തീരുമാനവും ഏത് ശിക്ഷയും ഏറ്റെടുക്കുവാൻ ബാധ്യസ്ഥനാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടാൽ നിയമസഭാ കാലാവധി കഴിഞ്ഞാൽപ്പോലും റിപ്പോർട്ട് ലഭിക്കുകയില്ല. അതുകൊണ്ട് ഇതു സംബന്ധിച്ച് വ്യക്തമായ തീരുമാനമുണ്ടാകണം.

മി. സ്പീക്കർ: കമ്മിറ്റി ചെയർമാനുമായി ആലോചിച്ച് തീർച്ചയായും കാലാവധി സഭയെ അറിയിക്കുന്നതാണ്.

ശ്രീ. ജി. സുധാകരൻ: ബഹുമാനപ്പെട്ട ചെയർ നൽകിയ ശിക്ഷ ശ്രീ. വി. എസ്. സുനിൽകുമാർ നിരുപാധികം അംഗീകരിക്കുകയും സഭയ്ക്ക് കീഴടങ്ങുകയും ധാർമ്മികമായ ഒരു വശം ചൂണ്ടിക്കാണിക്കുകയും ചെയ്ത സാഹചര്യത്തിൽ അങ്ങ് ആ താക്കീത് ഒഴിവാക്കണം.

മി. സ്പീക്കർ: ഇന്ന് സഭ പിരിയുന്നതിനു മുമ്പ് തീർച്ചയായും റൂളിംഗ് നൽകുന്നതാണ്.

## ധനകാര്യം

### ക്രമപ്രശ്നം

### ബഡ്ജറ്റ് പ്രസംഗം സഭയിൽ പൂർണ്ണമായും വായിക്കാതിരുന്നത് സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഡ്ജറ്റ് അവതരിപ്പിച്ച സന്ദർഭത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി 477 ഖണ്ഡികയുള്ള ബഡ്ജറ്റ് പ്രസംഗത്തിൽ 413-ാമത്തെ ഖണ്ഡിക സഭയിൽ വായിച്ചില്ല. അതിനുശേഷം ഏതെങ്കിലും ഭാഗം വിട്ടുപോയിട്ടുണ്ടെങ്കിൽ വായിച്ചതായി കണക്കാക്കണമെന്നും പറഞ്ഞില്ല. അതിനാൽ ഇവിടെ അവതരിപ്പിക്കാത്ത ഭാഗം ബഡ്ജറ്റ് രേഖയായി അംഗീകരിക്കുവാൻ പാടില്ല. 413-ാം ഖണ്ഡിക ഒഴിവാക്കിക്കൊണ്ടു മാത്രമേ ബഡ്ജറ്റ് ചർച്ചയ്ക്ക് വിധേയമാക്കുവാൻ പാടുള്ളൂ.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): ഇവിടെ ഉന്നയിച്ച വിഷയത്തിന്റെ ഉദ്ദേശശുദ്ധിയെ മാനിക്കുന്നു. ദീർഘമായ പ്രസംഗത്തിനിടയിൽ ശാരീരികാസ്വാസ്ഥ്യംമൂലവും പ്രതിപക്ഷം അക്ഷമത പ്രകടിപ്പിച്ചതുകൊണ്ടും കുറച്ച് ഖണ്ഡികകൾ വായിക്കാതെ വിട്ടിട്ടുണ്ട്. വിട്ടുപോയ പാരഗ്രാഫുകൾ പ്രൊസീ

ഡിംഗ്സിന്റെ ഭാഗമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സ്പീക്കർക്ക് കത്ത് നൽകിയിട്ടുണ്ട്.

## റൂളിംഗ്

മി. സ്പീക്കർ: നിയമസഭാ നടപടി ചട്ടം 139 അനുസരിച്ച് കേരള ഗവൺമെന്റിന്റെ ഓരോ സാമ്പത്തിക വർഷത്തേയും സംബന്ധിച്ച മതിപ്പ് വരവുചെലവുകളുടെ 'വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ്' (ബഡ്ജറ്റ്) ഗവർണ്ണർ നിശ്ചയിക്കുന്ന ദിവസം സഭയിൽ അവതരിപ്പിക്കേണ്ടതാണ്. സാധാരണഗതിയിൽ മേൽപ്പറഞ്ഞ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് ധനമന്ത്രിയുടെ ഒരു പ്രസംഗത്തോടുകൂടിയാണ് സഭയിൽ സമർപ്പിക്കുന്നത്. എന്നാൽ കേരള നിയമസഭയിൽത്തന്നെ വിശദമായ പ്രസംഗമില്ലാതെ ഇ.കെ. നായനാർ 1987–88–ലെ ബഡ്ജറ്റ് 28–03–1987–ൽ സഭയിൽ സമർപ്പിച്ചതായും ശ്രീ. കെ. ശങ്കരനാരായണൻ 2003–04–ലെ ബഡ്ജറ്റ് പ്രസംഗം 14–03–2003–ൽ പ്രതിപക്ഷ ബഹളത്തെത്തുടർന്ന് പൂർണ്ണമായും വായിക്കാതെ പത്ത് മിനിട്ടിനുള്ളിൽ പ്രസംഗം നിർത്തിയതായും രേഖകളിൽ കാണുന്നു. 2010 മാർച്ച് 5–ന് ഡോ. തോമസ് ഐസക്കും 2011 ജൂലൈ 8, 2012 മാർച്ച് 19 എന്നീ തീയതികളിൽ ശ്രീ. കെ.എം. മാണിയും സഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗം പ്രിന്റുചെയ്ത് നൽകിയ ബഡ്ജറ്റ് പ്രസംഗത്തിൽനിന്നും ചില വ്യതിയാനങ്ങൾ വരുത്തി നടത്തിയ

തായും രേഖകളിൽ കാണുന്നുണ്ട്. ഭരണഘടന പ്രകാരം 'വാർഷിക ധനവിവരണ പത്രിക'യാണ് സഭയിൽ സമർപ്പിക്കേണ്ടത്. അത് ഭരണഘടന അനുശാസിക്കുന്ന പ്രകാരം ധനകാര്യ മന്ത്രി സഭയിൽ സമർപ്പിച്ചിട്ടുണ്ട്. തന്റെ പ്രസംഗം പൂർണ്ണമായും സഭയിൽ വായിക്കാതിരുന്നതിന്റെ വിശദീകരണം ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി നൽകിയിട്ടുണ്ട്. പ്രിന്റുചെയ്ത് സഭയിൽ വിതരണം ചെയ്ത പ്രസംഗം തന്റെ പ്രസംഗമായി അംഗീകരിക്കണമെന്ന അദ്ദേഹത്തിന്റെ അഭ്യർത്ഥന അംഗീകരിക്കുന്നു. പ്രിന്റുചെയ്ത് അംഗങ്ങൾക്ക് വിതരണം ചെയ്ത പ്രസംഗം നിയമസഭാ പ്രൊസീഡിംഗ്സിന്റെ ഭാഗമാക്കുന്നതാണ്. ഈ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. എൻ. ശക്തൻ): ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന്റെ മൂന്നാമത്തെ ബഡ്ജറ്റാണിത്. കഴിഞ്ഞ രണ്ട് ബഡ്ജറ്റുകളെക്കാൾ ഒരുപടി കൂടി മുന്നിൽ നിൽക്കുന്ന ബഡ്ജറ്റാണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. ഇൻഡ്യ കണ്ട ഏറ്റവും പ്രഗത്ഭനായ ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീ. കെ.എം. മാണിയുടെ 11-ാമത്തെ ബഡ്ജറ്റാണിത്. രണ്ട് വർഷം കഴിയുമ്പോൾ നിയമസഭയിൽ തുടർച്ചയായി 50 വർഷം പൂർത്തിയാക്കുന്ന നിയമസഭാ സാമാജികനെന്ന റെക്കോർഡുകൂടി അദ്ദേഹത്തിന് ലഭിക്കും. ധനകാര്യ വകുപ്പുമന്ത്രിയുടെ പേരിൽ ഒരു ബഡ്ജറ്റ് പഠനകേന്ദ്രം ആരംഭിക്കുന്നത് കേരളത്തിൽ മാത്രമാണ്. 11 ബഡ്ജറ്റുകളിലൂടെയും ഇൻഡ്യയ്ക്ക് മാതൃകയാക്കാവുന്ന

കർഷകത്തൊഴിലാളി/കർഷക പെൻഷനുകൾ ഒട്ടേറെ പരിഷ്ക്കാരങ്ങൾ കൊണ്ടുവരുന്നതിനും പ്രാവർത്തികമാക്കുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ലോകം മുഴുവൻ സാമ്പത്തിക പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ റവന്യു കമ്മിയും ധനകമ്മിയും പൊതുക്കടവും അനുവദനീയമായ നിലയിൽ നിർത്തിക്കൊണ്ട് ജനക്ഷേമകരമായ ഒരു ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. അത്യന്തം മോശമായ സാമ്പത്തിക സാഹചര്യത്തിൽ അധികാരത്തിലെത്തിയ ഐക്യജനാധിപത്യ മുന്നണി സർക്കാർ ദീർഘവീക്ഷണവും സാമ്പത്തിക അച്ചടക്കവുംമൂലം പ്രതിസന്ധികളെ തരണംചെയ്തുവരികയാണ്. എം.എൽ.എ. ഫണ്ടിനു പുറമെ ഓരോ നിയോജകമണ്ഡലത്തിനും 5 കോടി രൂപ വീതം അസറ്റ് ഡെവലപ്മെന്റ് ഫണ്ട് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും 700 കോടി രൂപ ബാദ്ധ്യതയുള്ള ഈ പദ്ധതി നടപ്പാക്കുകയും ചെയ്തു. ആദ്യത്തെ ഒരു വർഷംകൊണ്ടുതന്നെ സാമ്പത്തിക വളർച്ചാ നിരക്ക് 9.5 ശതമാനമാക്കി മാറ്റാനും മൂലധന ചെലവ് പതിനായിരം കോടിയോളം രൂപയാക്കി വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. പ്രതിശീർഷ വരുമാനം 60,536 രൂപയാക്കി ഉയർത്താൻ കഴിഞ്ഞു. 2010–11–ൽ 30,990 കോടി രൂപയായിരുന്ന റവന്യൂ വരുമാനം 58,057 കോടി രൂപയായി വർദ്ധിപ്പിക്കാൻ സാധിച്ചു. പദ്ധതി അടങ്കലിൽ 17,000 കോടി രൂപയിൽ ഏതാണ്ട് 4,000 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നുവെന്ന് മാത്രമല്ല ഇത് നിലവിലുള്ളതിനേക്കാൾ 24 ശതമാനം കൂടുതലുമാണ്. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്ന

തിന്റെ ഭാഗമായി ഈ സർക്കാർ കിലോയ്ക്ക് ഒരു രൂപ നിരക്കിൽ 25 കിലോ അരിയും 2 രൂപ നിരക്കിൽ ഗോതമ്പും പാവപ്പെട്ടവർക്ക് നൽകുന്നുണ്ട്. സിവിൽ സപ്ലൈസ്/സഹകരണ വകുപ്പുകളിലൂടെ അവശ്യ സാധനങ്ങൾ സബ്സിഡി നൽകിക്കൊണ്ട് എത്തിക്കുന്നതിനായി ഒരു വർഷം 205 കോടി രൂപ ഈ ഗവൺമെന്റ് ചെലവഴിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ സ്വപ്ന പദ്ധതികളായ സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ, മോണോ റെയിൽ എന്നിവയെല്ലാം യാഥാർത്ഥ്യമാകാൻ പോകുകയാണ്. അഗതി/വിധവാ പെൻഷനുകൾ, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം, കാൻസർ/കുഷ്ഠ/ക്ഷയരോഗ ബാധിതർക്കുള്ള ധനസഹായം, വൃക്കരോഗികൾക്കുള്ള പ്രതിമാസ പെൻഷൻ എന്നിവ ഗണ്യമായി ഉയർത്തിയിട്ടുണ്ട്. അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, യാചകമന്ദിരങ്ങൾ, വികലാംഗർക്കായുള്ള സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള പ്രതിമാസ ഗ്രാന്റ് 700 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 80 ശതമാനത്തിൽക്കൂടുതൽ വൈകല്യമുള്ളവർക്കുള്ള പെൻഷൻ, 80 വയസ്സ് കഴിഞ്ഞവർക്കുള്ള പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, പ്രീ-പ്രൈമറി അദ്ധ്യാപകർക്കുള്ള പെൻഷൻ, പത്രപ്രവർത്തക നോൺ ജേർണലിസ്റ്റുകൾക്കുള്ള പെൻഷൻ എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം പഞ്ചായത്ത് മെമ്പർമാർക്ക് 1000, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർക്ക് 1500 ജില്ലാ പഞ്ചായത്ത് മെമ്പർമാർക്ക് 2000 എന്നീ നിരക്കിൽ വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ചെറുകിട കർഷകരുടെ പലിശ ബാധ്യത എഴുതിത്തള്ളുന്നതിനും

അവർക്ക് പലിശ രഹിത വായ്പ കൊടുക്കുന്നതിനുമുള്ള തീരുമാനത്തേയും 'മംഗല്യ നിധി' പദ്ധതി ഏർപ്പെടുത്തിയതിനേയും സ്വന്തമായി ഭൂമിയില്ലാത്തവർക്ക് 3 സെന്റ് ഭൂമി കൊടുക്കാനും ഭവന രഹിതർക്കായി മൂന്ന് ലക്ഷം വീടുകൾ നിർമ്മിച്ചു നൽകാനുമുള്ള തീരുമാനത്തേയും യാചക പുനരധിവാസത്തിനായി ഏർപ്പെടുത്തിയ പദ്ധതിയേയും സ്വാഗതം ചെയ്യുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി കുടുംബശ്രീകളെ ഉത്തരവാദിത്വം ഏൽപ്പിച്ചുകൊണ്ട് ഒരു പഞ്ചായത്തിൽ ഒരു 'തൃപ്തി' ഹോട്ടൽ അനുവദിക്കണം. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പെൻഷനും ഓണക്കോടിയും നൽകുന്നത് സ്വാഗതാർഹമാണ്. പാവപ്പെട്ടവരെ ഒരു തരത്തിലും ബാധിക്കാതെ അധികവിഭവ സമാഹരണത്തിനായി 1138 കോടി രൂപ സംഭരിക്കുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണ്. സംസ്ഥാനത്തെ താലൂക്കുകളുടെ പുനർവിഭജനം നടത്തുകയും കാട്ടാക്കടയിൽ ഒരു പുതിയ താലൂക്ക് അനുവദിക്കുകയും ചെയ്യണം. വിളപ്പിൽശാലയിലെ ചവർ സംസ്കരണ ഫാക്ടറി പ്രശ്നം പരിഹരിച്ച ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. നഗരത്തിലെ ചവർ സംസ്കരിക്കുന്നതിന് ബദൽ സംവിധാനം നഗരസഭ ഏർപ്പെടുത്തണം. അരുവിപ്പുറത്ത് ഒരു അന്താരാഷ്ട്ര പഠന കേന്ദ്രവും മ്യൂസിയവും ലൈബ്രറിയും അനുവദിക്കണം. വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കണം. കരമന-കളിയിക്കാവിള നാലുവരിപ്പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിക്കാൻ നടപടി സ്വീകരിക്കണം.

<u>ഡോ. ടി..എം. തോമസ് ഐസക്:</u> ബഡ്ജറ്റിനെ എതിർക്കുന്നു. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കുന്നതി

നുള്ള ബഡ്ജറ്റ് സപ്പോർട്ട് നൽകണം. സ്റ്റാമ്പ് ഡ്യൂട്ടി, കാർഷികാദായ നികുതി എന്നിവ കുറച്ചതുകൊണ്ടോ കൂട്ടിയതുകൊണ്ടോ വിലക്കയറ്റം കുറ യുകയില്ല. വിലക്കയറ്റം സൃഷ്ടിക്കാത്ത മേഖലകളിൽ നികുതിയിളവുകൾ ഏർപ്പെടുത്തിയിരിക്കുന്നത് പാവപ്പെട്ട ആളുകളെയാണ് ബാധിക്കുന്നത്. പഞ്ചായത്തുകളുടെ വികസനത്തിനും വ്യവസായ വികസനത്തിനും കാർഷികമേഖലയ്ക്കും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാ പ്തമാണ്. കൃഷി വകുപ്പിന്റെ പ്ലാൻ തുകയ്ക്കൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൃഷിക്കുവേണ്ടി ചെലവാക്കണമെന്ന നിബന്ധന ഒഴിവാ ക്കപ്പെട്ടിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടതാണ്. കേരള ചരിത്രത്തിൽ കൃഷിക്ക് ഏറ്റവും കുറഞ്ഞ വിഹിതം നീക്കിവച്ചിട്ടുള്ളത് ഈ സർക്കാരിന്റെ ഭരണകാലത്താണ്. മണ്ഡലങ്ങളുടെ വികസനത്തിനായി എം.എൽ.എ.മാർക്ക് ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണു ന്നില്ല. നാടിന്റെ വികസനത്തിനുവേണ്ട പശ്ചാത്തല സൗകര്യങ്ങൾ ഒരുക്ക ണം. ജീവനക്കാരുടെ ശമ്പളവും പെൻഷനും ബാങ്കുവഴി നൽകുന്നതിനുള്ള തീരുമാനം പ്രതിഷേധാർഹമാണ്. കേരളത്തിന്റെ വികസന സാദ്ധ്യതകളെ ക്കുറിച്ച് മനസ്സിലാക്കാൻ സർക്കാർ ശ്രമിക്കണം.

<u>ശ്രീ. വി. ഡി. സതീശൻ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വികസനവും കരുതലുമെന്ന യു.ഡി.എഫ്. നയത്തെ പൂർണ്ണമായും പ്രതിഫലിപ്പിക്കുന്ന ഒരു ബഡ്ജറ്റാണ് ഇത്. കാർഷിക, വ്യാവസായിക, അടിസ്ഥാന സൗകര്യ മേഖലകളിൽ കൂടുതൽ പണം നിക്ഷേപിച്ച് കേരളത്തിന്റെ പരിമിതികൾ മന സ്സിലാക്കിക്കൊണ്ടുള്ള ഫലപ്രദമായ പദ്ധതികളാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചി രിക്കുന്നത്. ആധുനിക കൃഷി സങ്കേതങ്ങൾ ഉപയോഗിച്ച് ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനുതകുന്ന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിക്കുകയും വിവിധ സാമൂഹ്യക്ഷേമ പരിപാടികൾ ആവിഷ്ക്കരിക്കുകയും പട്ടിണി പൂർണ്ണമായും തുടച്ചുനീക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബി.പി.എൽ. വിഭാഗത്തിന് ഒരു രൂപയ്ക്ക് അരി നൽകുകയും ആശ്രയ പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ദുർബല വിഭാഗങ്ങൾക്ക് പട്ടിണിയിൽനിന്നും ആരോഗ്യ പ്രശ്നങ്ങളിൽനിന്നും മുക്തി നേടുന്നതിനുതകുന്ന പദ്ധതികളാണ് ബഡ്ജറ്റിൽ മുന്നോട്ടുവച്ചിരിക്കുന്നത്. ജനങ്ങളുടെ മേൽ അമിത നികുതി ഭാരം ഏൽപ്പിക്കാത്ത ബഡ്ജറ്റാണിത്. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലും കുടിവെള്ള വിതരണത്തിനും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. സമഗ്ര ആരോഗ്യ പദ്ധതി, മംഗല്യ നിധി, സുസ്ഥിര തൊഴിൽ വികസന പദ്ധതി, സമഗ്ര വിള ഇൻഷുറൻസ് പദ്ധതി, സോളാർ പ്രോജക്ട്, ഇന്നൊവേഷൻ കൗൺസിൽ നടത്തുന്ന പദ്ധതികൾ എന്നിവ സ്വാഗതാർഹമാണ്. പദ്ധതി നിർവ്വഹണരീതികൾ അടിസ്ഥാനപരമായി പൊളിച്ചെഴുതുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ നടത്തിപ്പ് ഓരോ ക്വാർട്ടറിലും വിലയിരുത്താനും ഓരോ വകുപ്പിന്റേയും പദ്ധതികൾ കൃത്യമായി ആരംഭിക്കാൻ കഴിയുന്നുണ്ടോയെന്ന് പരിശോധിക്കാനും ആരംഭിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കണം. ക്വാളിറ്റി എക്സ്പെന്റിച്ചർ സംവിധാനം നിലവിൽ വരുന്നതിനുള്ള സൂചനകളും അവശ്യ വസ്തുവായ അരി നികുതി വിമുക്തമാക്കിയ നടപടിയും സ്വാഗതാർഹമാണ്. സിഗററ്റിന്റെയും ബീഡിയുടെയും ടാക്സ് വർദ്ധിപ്പിക്കണം. റവന്യു വരുമാനം 20.53 ശതമാനമായും

പദ്ധതി അടങ്കൽ 21.34 ശതമാനമായും വർദ്ധിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക അച്ചടക്കം പാലിക്കുന്നതും വികസനോന്മുഖ മായ സാമൂഹ്യ ക്ഷേമ പദ്ധതികൾ ഉൾക്കൊള്ളുന്നതുമായ ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്.

.

ശ്രീമതി ഇ. എസ്. ബിജിമോൾ: ബഡ്ജറ്റിനെ എതിർക്കുന്നു. തികച്ചും പക്ഷപാതപരമായ നിലപാടാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ സ്വീകരിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. നേരിടുന്ന ഇന്ധന പ്രതിസന്ധിക്കും സംസ്ഥാനം നേരിടുന്ന വൈദ്യുതി പ്രതിസന്ധിക്കും പരി ഹാരം കാണുന്നതിനുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. മുഖ്യമന്ത്രിയുടെ സ്വപ്ന പദ്ധതിയെന്ന് വ്യാഖ്യാനിക്കപ്പെടുന്ന വിഷൻ 2030–നെക്കുറിച്ച് ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടില്ല. ബഡ്ജറ്റിന് ക്യാബിനറ്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. സംസ്ഥാനത്തിന്റെ യഥാർത്ഥ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്നതിനുള്ള അവസരമുണ്ടാകണം. 2013 ഏപ്രിൽ 1 മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സാക്കി ഉയർത്തിയ നടപടിയിലൂടെ യുവജനങ്ങളോട് വഞ്ചനാപരമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. കുടിവെള്ള വിതരണ പദ്ധതിയുമായോ സ്ത്രീ ശാക്തീകരണവുമായോ ബന്ധപ്പെട്ട് വേണ്ടത്ര നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

ശ്രീ. കെ. എൻ. എ. ഖാദർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. നികുതി നിർദ്ദേശങ്ങൾ കുറഞ്ഞ ജനപ്രിയ ബഡ്ജറ്റാണിത്. സമസ്ത

മേഖലകളെയും സഹായിക്കുന്ന നിലപാടാണ് ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചിട്ടുള്ളത്. പരിസ്ഥിതി സംരക്ഷണത്തിന് പ്രത്യേക പ്രോജക്ടുകളും ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളുംകൂടി ഉൾപ്പെടുത്തണം. സ്ത്രീസുരക്ഷാ പദ്ധതികളെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കണം. കലാ–കായിക മേഖലകളിൽ മികവ് തെളിയിച്ച കുട്ടികൾക്ക് തുടർ പരിശീലനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കണം. ഇൻഫ്രാസ്ട്രക്ച്ചർ കോൺഫറൻസും എമർജിംഗ് കേരളയും മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രത്യേക പദ്ധതികളെക്കുറിച്ച് ആലോചിക്കണം. ഭൂമി വാങ്ങി മൂന്ന് മാസത്തിനുള്ളിൽ മറിച്ചുവിൽക്കുന്നവർ ഇരട്ടി സ്റ്റാമ്പ് ഡ്യൂട്ടി നൽകേണ്ടി വരുമെന്ന വ്യവസ്ഥയിൽ ഭേദഗതി വരുത്തണം. സർക്കാർ ഉദ്യോഗം ലഭിക്കുന്നതിന് മലയാളഭാഷ നിർബന്ധമാക്കിയ പ്രഖ്യാപനത്തിലൂടെ സി.ബി.എസ്.ഇ. സിലബസ്സിൽ പഠിക്കുന്ന കുട്ടികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണം. കോഴിക്കോട് വിമാനത്താവളത്തിന് ആവശ്യമായ ഫണ്ട് മാറ്റിവയ്ക്കാനും കോഴിക്കോട് മോണോ റെയിൽ വിമാനത്താവളംവരെ ദീർഘിപ്പിക്കാനുമുള്ള നിർദ്ദേശം അനുഭാവപൂർവ്വം പരിഗണിക്കണം. ബഡ്ജറ്റിലെ പുതിയ പ്രഖ്യാപനങ്ങൾ നടപ്പിലാക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് സ്വാഗതാർഹമാണ്. നാഷണൽ ഹൈവേ, തുറമുഖം, വിമാനത്താവളം തുടങ്ങിയവ കേന്ദ്രീകരിച്ച് പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. പ്രവാസി കൾക്കുവേണ്ടി പ്രത്യേകമായ ബാങ്ക് രൂപീകരിക്കണം.

ശ്രീമതി ജമീലാ പ്രകാശം: ബഡ്ജറ്റിനെ എതിർക്കുന്നു. മൂലധനകമ്പോള ശക്തികൾക്ക് അടിയറവ് പറയുന്ന കേന്ദ്ര നയങ്ങൾ തിരു

ത്തപ്പെടണം. പൊതുവിതരണ സമ്പ്രദായം കുറ്റമറ്റതാക്കാനും ഉല്പാദന മേഖലയെ ശക്തിപ്പെടുത്താനുമുതകുന്ന നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഇല്ല എന്നത് ഖേദകരമാണ്. വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കണം. കോവളം അടിമലത്തുറയിൽ ഭവനരഹിതരായ മൽസ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് അനുവദിച്ച തുക വർദ്ധിപ്പിക്കണം. പിന്നോക്ക സമുദായങ്ങളിൽ ക്രീമിലെയർ ഏർപ്പെടുത്തുന്നത് ഭരണഘടനാവിരുദ്ധവും അശാസ്ത്രീയവുമാണ്. ആദ്യ സിനിമാ നിർമ്മാതാവ് ജെ.സി.ഡാനിയലിനും ആദ്യ നായിക റോസിക്കും ഉചിതമായ സ്മാരകങ്ങൾ നിർമ്മിക്കുകയും ജെ.സി.ഡാനിയലിന്റെ സിനിമാനിർമ്മാണ കമ്പനി പ്രവർത്തിച്ചിരുന്ന സ്ഥാനത്ത് പി.എസ്.സി. പണിതുകൊണ്ടിരിക്കുന്ന മന്ദിരത്തിന് ജെ.സി.ഡാനിയൽ ബ്ലോക്ക് എന്ന് നാമകരണം ചെയ്യുകയും ചെയ്യണം. ഇന്ത്യൻ സിനിമ 100-ാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിക്കുന്ന തപാൽ സ്റ്റാംപുകളിൽ ജെ.സി.ഡാനിയലിന്റെ പേരും ഉൾപ്പെടുത്തണം. അഭിനയ സാമ്രാട്ടായിരുന്ന സത്യന്റെ സംഭവബഹുലമായ ജീവിതത്തെ ആസ്പദമാക്കി സിനിമ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കണം.

ശ്രീ. മോൻസ് ജോസഫ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനക്ഷേമ പദ്ധതികൾക്ക് പ്രാധാന്യം നൽകുന്ന ബഡ്ജറ്റാണിത്. കാർഷിക മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകുകയും കാർഷികാദായ നികുതിയിൽനിന്ന് കൃഷിക്കാരെ ഒഴിവാക്കുകയും ചെയ്തത് സ്വാഗതാർഹമാണ്. കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും ഹൈടെക് കൃഷിക്കും അർഹമായ പ്രാധാന്യം നൽകിയത് അഭിനന്ദനാർഹമാണ്. കർഷക രക്ഷാ പദ്ധതി പ്രഖ്യാപിച്ചതും ചെറുകിട കർഷകരുടെ പലിശ ബാദ്ധ്യത എഴുതി തള്ളാനും

കർഷകർക്ക് പലിശ രഹിത വായ്പ കൊടുക്കാൻ തീരുമാനമെടുത്തതും സ്വാഗതാർഹമാണ്. പരമ്പരാഗത കൃഷി രീതികൾ സംരക്ഷിക്കാനും ഹൈടെക് കൃഷി രീതികൾ പ്രയോജനപ്പെടുത്താനുമാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നെല്ല് സംഭരണത്തിന് 215 കോടി രൂപ കൊടുത്തുതീർക്കുകയും തുടർന്നുവരുന്ന കാലഘട്ടങ്ങളിൽ ഇംപ്രസ്റ്റ് മണി എന്ന നിലയിൽ ജില്ലാ സഹകരണ ബാങ്കുകളിൽ റിവോൾവിംഗ് ഫണ്ട് രൂപീകരിക്കാനുമുള്ള തീരുമാനം സുപ്രധാനമാണ്. എല്ലാ വിളകളെയും വിള ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള ശ്രമവും നിറവ് പദ്ധതി 30 നിയോജകമണ്ഡലങ്ങളിൽക്കൂടി വ്യാപിപ്പിക്കുന്നതിനുള്ള തീരുമാനവും സ്വാഗതാർഹമാണ്. ചെറുപ്പക്കാരുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനുതകുന്ന പദ്ധതികൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗവേഷണങ്ങൾക്കും കണ്ടുപിടുത്തങ്ങൾക്കുമുള്ളള പ്രോത്സാഹനം സ്വാഗതാർഹമാണ്. കുടിവെള്ള പദ്ധതികൾ സുതാര്യമാക്കാനുതകുന്ന വിധത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാൻ സാധിച്ചിട്ടുണ്ട്. ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സിസ്റ്റത്തോടൊപ്പം വിവിധ വകുപ്പുകളുടെ മേൽനോട്ടത്തിൽ കോ-ഓർഡിനേഷൻ നടത്തേണ്ടതും അത്യാവശ്യമാണ്. സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കും അദ്ധ്യാപകർക്കും വേണ്ടി ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതികൾ വിപുലീകരിക്കണം. ഒക്കുപ്പേഷണൽ തെറാപ്പിയുടെ പ്രാധാന്യം കണക്കിലെടുത്ത് പുതിയ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കണം.

ശ്രീ. എ. എ. അസീസ്: ബഡ്ജറ്റിനെ എതിർക്കുന്നു. കാഷ്യൂ കോർപ്പേറഷനെ സംരക്ഷിക്കാനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല.

കശുവണ്ടി വ്യവസായത്തിലെ പർച്ചേസ് ടാക്സ് കുറയ്ക്കാനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സ്റ്റാറ്റ്യൂട്ടറി ഫുൾ പെൻഷൻ ലഭിക്കുന്നതിനുള്ള സർവ്വീസ് കാലാവധി 30 വർഷമെന്നത് 25 കൊല്ലമായി കുറവ് ചെയ്യണം. പ്രവാസികൾക്ക് പെൻഷൻ നൽകുന്നതിനുള്ള പ്രായപരിധി ഒഴിവാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ വർദ്ധിപ്പിച്ച ഓണറേറിയം സമയബന്ധിതമായി നൽകുകയും അവരുടെ പെൻഷൻ സ്കീം പര്യാലോചിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കുകയും വേണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ദക്ഷിണേന്ത്യയിലെ വളർച്ചാനിരക്കുള്ള ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. ജി.ഡി.പി.യുടെ പ്രധാന കോൺട്രിബ്യൂഷൻ അഗ്രിക്കൾച്ചർ സെക്ടറിൽ നിന്നും ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. സസ്റ്റെയിനബിളും എൻവയേൺമെന്റ് ഫ്രണ്ട്ലിയുമായ ജെണ്ടർ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. വിവിധ പദ്ധതികളിലൂടെ ലഭിക്കുന്ന അധിക റവന്യൂ വരുമാനം ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുന്നതിനും മാരക രോഗങ്ങൾക്ക് ചികിത്സാ സഹായം നൽകുന്നതിനും വിവിധ ചാരിറ്റബിൾ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനും വിദ്യാഭ്യാസത്തിനുള്ള ഗ്രാന്റ് ഇൻ എയിഡായും ഉപയോഗിക്കാനുള്ള തീരുമാനം പ്രശംസനീയമാണ്. കേരളത്തിലെ പരമ്പരാഗത തൊഴിൽ സമൂഹമായ വിശ്വകർമ്മജർക്ക് ആദ്യമായി പെൻഷൻ പദ്ധതി ഏർപ്പെടുത്തിയതും ക്ഷേമ പെൻഷൻ അനുവദിച്ചവരുടെ കൂട്ടത്തിൽ കശുവണ്ടിത്തൊഴിലാളികളെ ഉൾപ്പെടുത്തിയതും അഭിനന്ദനാർഹമാണ്. ക്ഷേമ പെൻഷനുകൾ ആയിരം രൂപയിൽ കുറയാത്ത തുകയായി മാറ്റണം. വിജ്ഞാനവാടി പദ്ധതി, നിയോജക

മണ്ഡലങ്ങൾതോറും മാതൃകാ കോളനികൾ, പട്ടികജാതി മേഖലയിൽ ഒരു മെഡിക്കൽ കോളേജ് എന്നീ പദ്ധതികളും സ്വാഗതാർഹമാണ്. കാർഷികാ ദായ നികുതി കമ്പനികൾക്കു മാത്രമായി നിജപ്പെടുത്തിയതും തൊഴിലുറപ്പ് പദ്ധതിക്ക് പെൻഷൻ ഏർപ്പെടുത്തുന്നതും പുരോഗമനപരമായ നടപടിയാണ്. അരിയുടെ നികുതി പൂർണ്ണമായും ഒഴിവാക്കാൻ തീരുമാനിച്ചതുവഴി സാധാര ണക്കാരേയും ഈ ബഡ്ജറ്റ് പരിഗണിക്കുന്നു എന്നതിന് തെളിവാണ്. ആൾട്ടർനേറ്റീവ് എനർജിക്കുവേണ്ടി സോളാർ പാനലുകൾ ഗ്രിഡിലേയ്ക്ക് നൽകുന്ന ഓരോ യൂണിറ്റ് വൈദ്യുതിക്കും പ്രത്യേക സബ്സിഡി, സൗരോർജ്ജ വീടുകൾക്ക് 50 ശതമാനം നികുതിയിളവ് എന്നീ നിർദ്ദേശങ്ങൾ ഉപഭോക്താക്കൾക്ക് ഗുണം ചെയ്യും. പ്ലാസ്റ്റിക് ശേഖരണം നടത്തി റോഡ് ടാറിംഗിന് നൽകുന്ന പഞ്ചായത്തുകൾക്കും റസിഡന്റ്സ് അസോസിയേ ഷനും 5 ലക്ഷം രൂപ സബ്സിഡി നൽകുവാനുള്ള തീരുമാനവും പ്ലാസ്റ്റിക് ശേഖരിച്ച് റീ സൈക്ലിംഗ് നടത്തുകയോ റോഡ് ടാറിംഗിനുള്ള ഗ്രാന്യൂൾ ഉൽപ്പാദിപ്പിക്കുകയോ ചെയ്യുന്ന വനിതാ സംഘങ്ങൾക്ക് ചെറുകിട വ്യവസാ യങ്ങൾ തുടങ്ങുന്നതിന് 25 ലക്ഷം രൂപ വരെ സബ്സിഡി നൽകാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. പച്ചക്കറി, പൂക്കൾ, പഴവർഗ്ഗ ങ്ങൾക്കായുള്ള ടെക്നോളജി സെന്റർ, നിറവ് കാർഷിക പദ്ധതി, മണ്ണ്-ജല സംരക്ഷണം, സഹസ്ര സരോവർ, മഴവെള്ള സംഭരണികൾ എന്നിവയും സ്വാഗതാർഹമായ പദ്ധതികളാണ്. 1-4-2013 മുതൽ നിയമിക്കപ്പെടുന്നവ രുടെ പെൻഷൻ പ്രായം വർദ്ധപ്പിച്ചതിനെ സ്വാഗതം ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്ലെയ്സ്മെന്റ് സെല്ലുകളും കരിയർ ഡെവലപ്മെന്റ് മിഷനും സ്റ്റാർട്ട് അപ്പ് സബ്സിഡിയും ആരംഭിക്കുന്നത് സ്വാഗതാർഹമാണ്. പ്രബന്ധ

ങ്ങൾ, പേറ്റന്റുകൾ, ഇന്നൊവേഷൻസ്, എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ കണ്ടുപിടിത്തങ്ങൾക്ക് 50 ലക്ഷം രൂപ വരെ സഹായം ലഭ്യമാക്കുന്നതിനുമുള്ള പദ്ധതികൾ സംസ്ഥാനത്തിന് ഏറെ ഗുണം ചെയ്യും. പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന ഡിഫറന്റ്ലി ഏബിൾഡായ വിദ്യാർത്ഥികൾ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പകൾ എഴുതിത്തള്ളണം.

ശ്രീമതി കെ.എസ്. സലീഖ: ബഡ്ജറ്റിനെ എതിർക്കുന്നു. കഴിഞ്ഞ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളിൽ പലതും നടപ്പാക്കിയിട്ടില്ല. കേരളത്തിന്റെ അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയും സംസ്ഥാനത്തെ സാമ്പത്തിക തകർച്ചയിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്. മെച്ചപ്പെട്ട രീതിയിലുള്ള പദ്ധതികൾ തയ്യാറാക്കി കേന്ദ്രത്തിൽ സമർപ്പിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. പൊതുവിതരണ-കാർഷിക മേഖലകളെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ യാതൊരു പ്രഖ്യാപനങ്ങളും ഈ ബഡ്ജറ്റിലില്ല. വിലക്കയറ്റം നേരിടുന്നതിന് വിപണിയിൽ ഇടപെടാൻ സർക്കാർ തയ്യാറാകണം. സാമ്പത്തിക സർവ്വേ റിപ്പോർട്ട് പ്രകാരം കാർഷിക മേഖലയുടെ വളർച്ചാ നിരക്കിൽ കഴിഞ്ഞ വർഷം 1.6 ശതമാനം കുറവാണ് ഉണ്ടായിട്ടുള്ളത്. പരമ്പരാഗത മേഖല അവഗണിക്കപ്പെട്ടിരിക്കുകയാണ്. സ്ത്രീപീഡനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സ്ത്രീകളുടെ സുരക്ഷയ്ക്കും പുനരധിവാസത്തിനുമുള്ള നിർദ്ദേശങ്ങളൊന്നുമില്ല. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും വരൾച്ചയെ നേരിടുന്നതിനും വേണ്ടിയുള്ള പദ്ധതികൾക്കോ പൊതുഗതാഗത മേഖലയെ ശക്തിപ്പെടുത്തുന്നതിനോ തുക വകയിരുത്തിയിട്ടില്ല. വിലക്കയറ്റം രൂക്ഷമായ

സാഹചര്യത്തിൽ ദുർബല ജനവിഭാഗങ്ങൾക്കായി പ്രഖ്യാപിച്ചിട്ടുള്ള വിവിധ ക്ഷേമ പെൻഷനുകളിലെ വർദ്ധനവ് അപര്യാപ്തമാണ്. ഷൊർണ്ണൂർ നിയോജകമണ്ഡലത്തിനുവേണ്ടി ഒരു പദ്ധതിയും പ്രഖ്യാപിക്കാത്തത് ഖേദകരമാണ്. ഏറ്റവും കൂടുതൽ കലാകാരന്മാരുള്ള വെള്ളിനേഴി ഗ്രാമത്തെ കലാഗ്രാമമായി പ്രഖ്യാപിക്കണം. ആസ്തി വികസന ഫണ്ട് തുടർന്നും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു. കാസർഗോഡ് ജില്ലയെ ഈ ബഡ്ജറ്റ് അവഗണിച്ചിരിക്കുകയാണ്. കാസർഗോഡ് പാക്കേജിൽ നീക്കിവച്ചിട്ടുള്ള 15 കോടി രൂപ അപര്യാപ്തമാണ്. കാസർഗോഡ് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസിന്റെ നേതൃത്വത്തിൽ കൺട്രോൾ റൂം തുറക്കുന്നതിനുള്ള നടപടിയുണ്ടാകണം. കാർഷിക മേഖലയ്ക്ക് ഏറെ ഊന്നൽ നൽകിയിട്ടുള്ള ഒരു ബഡ്ജറ്റാണിത്. ഒരു ഹെക്ടർ വരെ മാത്രം ഭൂമിയുള്ള ചെറുകിട കർഷകരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളുക, പലിശ രഹിത വായ്പ നൽകുക, കർഷകരെ കാർഷികാദായ നികുതിയിൽനിന്ന് പൂർണ്ണമായി ഒഴിവാക്കുക, ജില്ലയിൽ ഓരോ മാതൃകാ ഹൈടെക് ഗ്രാമങ്ങൾ ഏർപ്പെടുത്തുക, നെല്ല് സംഭരണത്തിന് തൽസമയം വില നൽകുക, തെങ്ങിൽനിന്ന് നീര ഉൽപാദിപ്പിക്കുന്ന പദ്ധതി നടപ്പാക്കുക, തുടങ്ങിയവ സ്വാഗതാർഹമാണ്. ഭൂമി വാങ്ങി മറിച്ചു വിൽക്കുമ്പോൾ ഇരട്ടി സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കാനുള്ള നിർദ്ദേശം പ്രായോഗികമാണോ എന്ന് പരിശോധിക്കണം. കാരുണ്യ ബെനവലന്റ് സ്കീമിൽ മംഗലാപുരത്തെ ആശുപത്രികളെക്കൂടി ഉൾപ്പെടുത്തണം. കാസർഗോഡ് ജനറൽ ആശുപത്രിയിൽ ക്യാൻസർ ചികിത്സയ്ക്കായി ഒരു സെൽ ആരംഭിക്കണം.

കാസർഗോഡിന് അനുവദിച്ച മെഡിക്കൽകോളേജിന്റെ പ്രവർത്തനമാരംഭിക്കുന്നതിന് കൂടുതൽ ഫണ്ട് അനുവദിക്കണം. പ്രഭാകർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കണം. സ്പെഷ്യൽ സ്ക്കൂളിനുള്ള ഗ്രാന്റും ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. എസ്. ശർമ്മ: ബഡ്ജറ്റിനെ എതിർക്കുന്നു. കേന്ദ്ര നയത്തെ ന്യായീകരിക്കുന്ന സാമ്പത്തിക വീക്ഷണങ്ങളാണ് ബഡ്ജറ്റിൽ ഉടനീളം കാണുന്നത്. പെട്രോളിന്റേയും ഡീസലിന്റേയും വില അടിക്കടി വർദ്ധിച്ചു കൊണ്ടിരിക്കുന്നതിനാൽ കെ.എസ്.ആർ.ടി.സി.യുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. മത്സ്യം, കശുവണ്ടി, കൈത്തറി, ഈറ്റ–പനമ്പ്, ഖാദി, തയ്യൽ, ബാർബർ, ചുമട്, നിർമ്മാണം, ആർട്ടിസാൻസ്, ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ്, മരംകയറ്റം, തഴപ്പായ എന്നീ മേഖലകളിലെ ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കണം. മത്സ്യമേഖലയ്ക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. കടൽ സുരക്ഷയ്ക്ക് പ്രത്യേകമായൊരു ഹെഡ്സ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല. മത്സ്യത്തൊഴിലാളികളുടെ കടാശ്വാസത്തിനുവേണ്ട നടപടികൾ സ്വീകരിക്കണം. ദുരിതമനുഭവിക്കുന്ന വിഭാഗങ്ങൾക്ക് നാമമാത്രമായും ഭൂവുടമസ്ഥർക്ക് കൂടുതൽ പരിഗണന കൊടുത്തുകൊണ്ടുമുള്ള ഒരു ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. ജോസഫ് വാഴക്കൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസനരംഗത്ത് ഐക്യജനാധിപത്യമുന്നണി അത്ഭുതകരമായ മുന്നേറ്റമാണ് നടത്തിയിട്ടുള്ളത്. കാർഷികമേഖലയുടെ വളർച്ചയ്ക്ക് മുൻതൂക്കം നൽകുന്ന പദ്ധതികളാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

കാർഷികമേഖലയിൽ ചെറുകിടകർഷകരുടെ പലിശബാദ്ധ്യത എഴുതിത്ത ള്ളുമെന്നും ഒരു ഹെക്ടറോ അതിൽ താഴെയോ ഭൂമിയുള്ള ചെറുകിട കർഷ കർക്ക് പലിശരഹിത വായ്പ നൽകുമെന്നും സഹകരണ ബാങ്കുകൾവഴി റിസ്ക് ഇൻഷ്വറൻസ് വിപുലീകരിക്കുമെന്നുള്ള പ്രഖ്യാപനങ്ങൾ സ്വാഗ താർഹമാണ്. സംഭരിച്ച നെല്ലിന്റെ പ്രതിഫലം പണമായി ഉടൻ നൽകു മെന്ന പ്രഖ്യാപനം കർഷകർക്ക് ആശ്വാസകരമാണ്. അടിസ്ഥാന സൗകര്യ ങ്ങളുടെ വികസനത്തിന് 800 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളി ച്ചിരിക്കുന്നത് പ്രശംസനീയമാണ്. സാമൂഹ്യാ സുരക്ഷാപദ്ധതിക്കായി 50 ശതമാനത്തിൽ കൂടുതൽ തുക മാറ്റിയിരിക്കുന്നത് സ്വാഗതാർഹമാണ്. മംഗ ല്യനിധി, കാരുണ്യ ലോട്ടറി, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളതും വിദ്യാഭ്യാസ വായ്പയുടെ പലിശയി ളവ് മൂന്ന് ലക്ഷം രൂപവരെയാക്കി എ.പി.എൽ. വിഭാഗത്തിനുകൂടി അനു വദിച്ചതും ഈരാറ്റുപേട്ടയെ മുനിസിപ്പാലിറ്റിയാക്കിയതും സ്വാഗതാർഹമാണ്. മൂവാറ്റുപുഴ ജനറൽ ഹോസ്പിറ്റലിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നവീകരിക്കുന്നതിനും ടൗൺ പാലം നവീകരിക്കുന്നതിനും ഐ.എ.എസ്. അക്കാദമി സ്ഥാപിക്കുന്നതിനും ബൈപ്പാസിനും പണം അനുവദിക്കണം. സീറോ ലാന്റ്ലസ് സ്റ്റേറ്റ് പ്രോഗ്രാമിന് കൂടുതൽ പണം വകയിരുത്താനും കൺസ്യൂമർഫെഡിന് 100 കോടി രൂപ നീക്കിവയ്ക്കാനും നടപടി സ്വീകരിക്കണം. വിശ്വകർമ്മ വിഭാഗത്തിൽ 3 ലക്ഷം രൂപവരെ വരുമാനമു ള്ളവർക്ക് പെൻഷൻ അനുവദിക്കണം. കെ.എസ്.ആർ.ടി.സി.ക്ക് കൂടുതൽ പണം അനുവദിക്കണം. എം.വി.ഐ.പി.-യുമായി ബന്ധപ്പെട്ട പുതിയ പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പ് ഇംപാക്റ്റ് സ്റ്റഡി നടത്തണം.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: ബഡ്ജറ്റിനെ എതിർക്കുന്നു. എല്ലാ വിഭാഗങ്ങൾക്കും പ്രത്യേകിച്ച് തൃശ്ശൂർ ജില്ലയ്ക്ക് നിരാശ നൽകുന്ന ഒരു ബഡ്ജറ്റാണിത്. ഈ സർക്കാർ വന്നതിനുശേഷം തുടർച്ചയായി ഏർപ്പെടുത്തിയ ലോഡ് ഷെഡ്ഡിംഗ് കാരണം മോഷണവും പിടിച്ചുപറിയും വർദ്ധിച്ചിരിക്കുകയാണ്. എക്സൈസ് വകുപ്പിൽ ഏറ്റവും വലിയ അഴിമതിയാണ് നടക്കുന്നത്. ബാർ മുതലാളിമാർക്കുവേണ്ടി കള്ള് ഷാപ്പുകൾ അടച്ചുപൂട്ടുകയും കള്ള് വ്യവസായത്തെ തകർക്കുകയുമാണ് ചെയ്യുന്നത്. 16 അപേക്ഷകൾ മറികടന്ന് വകുപ്പുമന്ത്രിയുടെ മണ്ഡലത്തിൽ 14 ദിവസംകൊണ്ട് ബാർ അനുവദിക്കുകയുണ്ടായി. ഈ സർക്കാർ വന്നശേഷം 54 ബാറുകൾ അനുവദിച്ചതുവഴി ഒരു ബാറിന് 25 ലക്ഷം രൂപ വച്ച് 13.5 കോടി രൂപയുടെ അഴിമതി നടന്നിട്ടുണ്ടെന്നാണ് വാർത്തകൾ വന്നിരിക്കുന്നത്. നിലവിലുള്ള ബാറുകളുടെ ലൈസൻസ് പുന:പരിശോധിക്കുമെന്ന മന്ത്രിസഭാ തീരുമാനത്തിന്മേൽ യാതൊരുവിധ തുടർനടപടികളും സ്വീകരിച്ചിട്ടില്ല. ചട്ടം ലംഘിച്ച് 20 ബാർ ലൈസൻസുകൾ മാറ്റിക്കൊടുത്തു. ബിവറേജസ് കോർപ്പറേഷന്റെ മദ്യ കമ്പനികളുമായി ഗൂഢാലോചന നടത്തി വിദേശമദ്യത്തിന്റെയും വൈനിന്റെയും വില 6 ശതമാനം വർദ്ധിപ്പിച്ചു. മദ്യ കമ്പനികൾ ക്വാട്ട് ചെയ്യുന്ന വില കോർപ്പറേഷൻ സ്വീകരിക്കുന്ന തരത്തിൽ ഫ്രീ പ്രൈസിംഗ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 100 കോടി രൂപയുടെ അഴിമതി നടന്നിട്ടുണ്ട്. ബിവറേജസ് കോർപ്പറേഷന്റെ മദ്യ കുപ്പികളിൽ ഹോളോഗ്രാം പതിക്കുന്ന സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ സി-ഡിറ്റിന് കരാർ പുതുക്കിനൽകാതെ കർണ്ണാടകയിലെ സ്വകാര്യ

കമ്പനിക്ക് കരാർ നൽകുന്നതിനുള്ള ഗൂഢാലോചന നടക്കുന്നുണ്ട്. സി–ഡിറ്റ് 13.75 പൈസയ്ക്ക് പതിക്കുന്ന ഹോളോഗ്രാം പുതിയ കരാർ പ്രകാരം 23 പൈസയ്ക്ക് പതിക്കുന്നതിലൂടെ ഒരു മാസത്തെ വ്യത്യാസം 55,50,000/– രൂപയാണ്. എക്സൈസ് വകുപ്പിൽ നടക്കുന്ന ഇത്തരം അഴിമതികളെ സംബന്ധിച്ച് സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്താൻ തയ്യാറാകണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സാമൂഹ്യ പശ്ചാത്തലത്തെ കൃത്യമായി അപഗ്രഥനം ചെയ്തു കൊണ്ട് തയ്യാറാക്കിയ ബഡ്ജറ്റാണിത്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം മികച്ച വളർച്ചാ നിരക്ക് കൈവരിക്കു കയും ആളോഹരി വരുമാനത്തിൽ വർദ്ധനവ് നേടിയിരിക്കുകയുമാണ്. എമർജിംഗ് കേരള, ഇൻഫ്രാസ്ട്രക്ച്ചർ കോൺഫറൻസ്, പ്രവാസി ഭാരതീയ ദിവസ് തുടങ്ങിയ മഹത് സംരംഭങ്ങൾക്ക് സാക്ഷ്യം വഹിക്കാനും വൻ പദ്ധതികൾക്ക് തുടക്കം കുറിക്കാനും കഴിഞ്ഞുവെന്നത് അഭിമാനാർഹമാണ്. കൊച്ചി മെട്രോ, വിഴിഞ്ഞം പദ്ധതി, മോണോ റെയിൽ, കണ്ണൂർ വിമാനത്താ വളം തുടങ്ങിയ പദ്ധതികളുടെ പ്രാരംഭപ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞു. സമൃദ്ധമായ സൗരോർജ്ജം വിനിയോഗിക്കപ്പെടാനും കേരളത്തിന്റെ ഹരിതവർണ്ണം നിലനിറുത്താനും കഴിയണം. സോളാർ എനർജി ഉപയോഗ പ്പെടുത്തുന്നവർക്ക് നികുതി ഇളവ് ഏർപ്പെടുത്തുമെന്നും ജലാശയങ്ങളിൽ ഫ്ളോട്ടിംഗ് സോളാർ പാനലുകളും ഗ്രിഡ് കണക്ഷനോടുകൂടി റൂഫ്ടോപ്പ് സൗരോർജ്ജ സംവിധാനവും കൊണ്ടുവരുമെന്നുമുള്ള പ്രഖ്യാപനം പ്രതീക്ഷാനിർഭരമാണ്. കാർഷിക മേഖലയിൽ ഉൽപ്പാദനക്ഷമത

വർദ്ധിച്ചിരിക്കുകയാണ്. എല്ലാ ചെറുകിട കർഷകർക്കും പലിശ രഹിത വായ്പ നൽകാനും പലിശ ബാദ്ധ്യത എഴുതിത്തള്ളാനുമുള്ള തീരുമാനവും സ്വാഗതാർഹമാണ്. തെങ്ങിൽനിന്നും നീര ഉത്പാദിപ്പിക്കുകവഴി ഒരു പുതിയ മുന്നേറ്റത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. എമർജിംഗ് കേരളയിലൂടെ സംസ്ഥാനത്തേയ്ക്ക് ഗണ്യമായ നിക്ഷേപങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഐ.ടി. മേഖലയിലും നല്ല രീതിയിലുള്ള മുന്നേറ്റമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മികച്ച സ്കൂളുകൾക്ക് എക്സ്ലൻസി അവാർഡ്, കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്ന പ്രഖ്യാപനം, അക്കാദമിക് സിറ്റി സ്ഥാപിക്കൽ തുടങ്ങിയ വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങളും എടുത്തുപറയത്തക്കതാണ്. ഗൾഫ് നാടുകളിൽനിന്നും തിരിച്ചെത്തുന്നവരുടെ സേവനം ഉപയോഗപ്പെടുത്താനും തൊഴിൽ മേഖലകളിൽ സംവരണം ഏർപ്പെടുത്താനുമുള്ള നിയമനിർമ്മാണം നടത്തണം. പ്രവാസികളുടെ നിക്ഷേപത്തിനനുസൃതമായി ലോൺ കൊടുക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക മന്ദിരത്തിനുള്ള ഗ്രാന്റ് ഒരു കോടി രൂപയായി വർദ്ധിപ്പിക്കണം. മത്സ്യത്തൊഴിലാളികളുടെ ക്ഷേമപെൻഷൻ വർദ്ധിപ്പിക്കണം. ഓരോ പ്രദേശത്തിനും അനുഗുണമായ മേഖലയ്ക്ക് ഫണ്ട് നൽകണം.

ശ്രീ. മുല്ലക്കര രത്നാകരൻ: ബഡ്ജറ്റിനെ എതിർക്കുന്നു. രൂപയുടെ മൂല്യമിടിയുന്നതും വിലവർദ്ധനയും നികുതിവരുമാനം വർദ്ധിപ്പിക്കുന്നതാണ്. എന്നാൽ സംസ്ഥാനത്ത് നികുതി വരുമാനം വർദ്ധിക്കാത്തതിനാൽ നികുതിചോർച്ച ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കണം. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. മംഗല്യ നിധി രൂപീകരിക്കുന്നതിനെ സ്വാഗതം ചെയ്യുന്നുവെങ്കിലും ഉദ്ദേശിച്ച രീതിയിൽ

നടപ്പിലാകുമോ എന്ന കാര്യത്തിൽ സംശയമുണ്ട്. രാഷ്ട്രീയ പ്രവർത്തനത്തിൽ ധാർമ്മിക മൂല്യത്തിന് പ്രാധാന്യം കൊടുക്കണം. മദ്യവിൽപ്പന വഴിയുള്ള വരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കേരളത്തിന്റെ ധനസ്ഥിതി നിലനിർത്തുന്നത് സംസ്ഥാനത്തിന്റെ ഭാവിക്ക് ദോഷമാണ്. ആസ്തി വികസന ഫണ്ട് പ്രഖ്യാപിക്കണം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. മത്സ്യത്തൊഴിലാളികളുടെ പെൻഷൻ തുക വർദ്ധിപ്പിക്കുകയും ഫിഷർമെൻ വെൽഫയർ ഫണ്ട് ബോർഡിന് അത് ഗ്രാന്റായി നൽകുകയും വേണം. എല്ലാ മേഖലകളിലും വികസനത്തിന്റെ കാഴ്ചപ്പാടുള്ള ബഡ്ജറ്റാണിത്. കാർഷിക മേഖലയുടെ വളർച്ചയ്ക്കായി കൊണ്ടുവന്നിരിക്കുന്ന പദ്ധതികൾ സ്വാഗതാർഹമാണ്. ബഡ്ജറ്റിൽ പ്രഖ്യാപനങ്ങളുടെ നടത്തിപ്പ് പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സിസ്റ്റം പുതിയൊരു ചുവടുവയ്പാണ്. നിത്യോപയോഗ സാധനങ്ങളെ നികുതിമുക്ത മാക്കിയത് സ്വാഗതാർഹമാണ്. തൃപ്തി ന്യായവില ഭക്ഷണശാലകൾ എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും ആരംഭിക്കുന്നതും കൊച്ചിയിൽ ഇന്നവേഷൻ സോൺ ആരംഭിക്കുമെന്നതും സ്വാഗതാർഹമാണ്. ഭവന പദ്ധതിയിൽ മൽസ്യത്തൊഴിലാളികൾക്ക് നിശ്ചിത ക്വാട്ട മാറ്റിവയ്ക്കാൻ തയ്യാറാകണം. മത്സ്യബന്ധനത്തിന് മത്സ്യഫെഡ് വഴി ലോൺ കൊടുക്കാനുള്ള തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തണം. കൊച്ചി-മുസിരീസ് ബിനാലയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതോടൊപ്പം അവർക്കെതിരായുള്ള അന്വേ ഷണം പിൻവലിക്കാനുള്ള നടപടിയും സ്വീകരിക്കണം. സന്തോഷ് ട്രോഫി യിൽ രണ്ടാം സ്ഥാനം നേടിത്തന്ന കേരള ടീമംഗങ്ങൾക്ക് ഒരു ലക്ഷം രൂപ

വീതം പ്രോത്സാഹനമായി നൽകണം. കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് ആവശ്യമായ തുക അനുവദിക്കണം.

ശ്രീ. എളമരം കരീം: ബഡ്ജറ്റിനെ എതിർക്കുന്നു. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ നടപ്പിലാക്കിയിട്ടില്ല. അതിവേഗ റെയിൽ കോറി ഡോർ പദ്ധതി പൂർത്തിയാക്കിയിട്ടില്ല. വിഴിഞ്ഞം ഡീപ്പ്-വാട്ടർ ഇന്റർനാഷണൽ കണ്ടെയിനർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ എന്നിവയുടെ നടത്തിപ്പിന് യാതൊരു പുരോഗതിയുമില്ല. കുട്ടനാടും പാലക്കാട്ടും റൈസ് ബയോ പാർക്കുകൾ സ്ഥാപിക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടില്ല. കേര കൃഷിയെ സംരക്ഷിക്കാൻ നാളികേര ബയോ പാർക്ക് സ്ഥാപിക്കുമെന്ന് പറഞ്ഞതും ഉറവിട മാലിന്യ സംസ്ക്കരണവും പ്രാവർത്തികമായിട്ടില്ല. എല്ലാ ജില്ലകളിലും എയർ സ്ട്രിപ്പുകൾ, ഇടുക്കിയിലും വയനാട്ടിലും വിമാനത്താവളങ്ങൾ തുടങ്ങി കഴിഞ്ഞ ബഡ്ജറ്റിലെ പദ്ധതികൾ പലതും ആരംഭിച്ചിട്ടില്ല. നാഷണൽ മാനുഫാക്ചറിംഗ് പോളിസിയും ആമ്പല്ലൂർ ഇലക്ട്രോണിക് മാനുഫാക്ചറിംഗ് പാർക്കും സീ-പ്ലെയിനും സ്വപ്ന പദ്ധതികളായി നിലനിൽക്കുകയാണ്.. യാഥാർത്ഥ്യമാകാത്ത ഈ പദ്ധതികളെ മോണിട്ടറിംഗ് കമ്മറ്റിയെക്കൊണ്ട് പരിശോധന നടത്തി റിപ്പോർട്ട് വയ്ക്കാൻ തയ്യാറാകണം. വളർച്ചയുടെ ഭാഗമായി ഉണ്ടായ സമ്പത്തിന്റെ മഹാഭൂരിപക്ഷവും കുത്തകകളുടെ കൈകളിലെത്തിയതിന്റെ ഫലമായി ഭൂരിപക്ഷം ജനങ്ങൾക്കും അതിന്റെ ഗുണം ലഭിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. സസ്റ്റെയിനബിൾ ഗ്രോത്ത് ഉണ്ടാകുന്നതിനാവശ്യമായ ഒരു അപ്രോച്ച് ബഡ്ജറ്റിൽ ഉണ്ടാകണം. കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് ശരിയായ രീതിയിൽ പരിഹാരം കാണാതെ ഇന്നത്തെ സമ്പദ്ഘടനയ്ക്ക് പുരോഗതി കൈവരിക്കാനാകില്ല. കെ.എസ്.ആർ.ടി.സി.യിലെ ദീർഘദൂര

ബസുകൾ റീപ്ലേസ് ചെയ്ത് ഓർഡിനറി ആക്കുന്നതിനുള്ള മൂലധന ചെലവിനും ഈ സ്ഥാപനം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും ആവശ്യമായ തുക അനുവദിക്കുകയും അതിലേയ്ക്കായി സമഗ്രമായ പാക്കേജ് ഉണ്ടാക്കുകയും വേണം. വൈദ്യുതി മേഖലയ്ക്ക് വേണ്ടത്ര സർക്കാർ വിഹിതം നൽകണം. അംഗനവാടി ജീവനക്കാർക്കുള്ള ഓണറേറിയവും പെൻഷനും വർദ്ധിപ്പിക്കണം. ആശാ വർക്കേഴ്സിന്റെ ഓണറേറിയം കഴിഞ്ഞ വർഷം വർദ്ധിപ്പിച്ച തുകയും ഈ വർഷം പ്രഖ്യാപിച്ച തുകയും എത്രയും വേഗം നൽകണം.

## വ്യക്തിപരമായ വിശദീകരണം

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): മദ്യത്തിന്റെ വില വർദ്ധിപ്പിച്ചു നൽകുന്നതിന് നൂറു കോടി രൂപ സമാഹരിച്ചുവെന്ന് ശ്രീ. ബാബു എം. പാലിശ്ശേരി ഉന്നയിച്ച ആരോപണം അടിസ്ഥാനരഹിതമാണ്. മദ്യത്തിന്റെ വില വർദ്ധിപ്പിക്കുന്നതിൽ ഗവൺമെന്റിന് യാതൊരു പങ്കുമില്ല. മദ്യത്തിന് ആറു ശതമാനം വില വർദ്ധിപ്പിച്ചപ്പോൾ 250 കോടി രൂപ വിവിധ ഇനങ്ങളിലുള്ള നികുതിവരുമാനം വഴി സർക്കാരിന് ലഭിച്ചിട്ടുണ്ട്. വർദ്ധനവിലൂടെ 49.9 കോടി രൂപ നൂറ് കമ്പനികൾക്കായി കൊടുക്കുമ്പോൾ നൂറ് കോടി രൂപ കോഴ വാങ്ങി വിദേശത്ത് നിക്ഷേപിച്ചുവെന്ന് പറയുന്നത് യുക്തിക്ക് നിരക്കാത്തതാണ്. ബിവറേജസ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് പരിശോധിച്ചിട്ടാണ് മദ്യത്തിന്റെ വില വർദ്ധിപ്പിക്കുന്നത്. ഗവൺമെന്റിന് ഇതിനകത്ത് യാതൊരു കാര്യവുമില്ല. ഇ.എൻ.എ.യുടെ വിലയിലുണ്ടായ വർദ്ധനവും ഇന്ത്യൻ നിർമ്മിത വിദേശമദ്യം നിർമ്മിക്കുന്ന പ്ലാസ്റ്റിക് കുപ്പിയുടെ വിലയിലുണ്ടായ

വർദ്ധനവും ചരക്ക് കടത്തുകൂലിയിൽ വന്ന വർദ്ധനവും തൊഴിലാളികൾക്ക് നൽകുന്ന വേതനത്തിലുണ്ടായ വർദ്ധനവുംകൂടി കണക്കിലെടുത്താണ് ഡയറക്ടർ ബോർഡ് ഇങ്ങനെയൊരു തീരുമാനമെടുത്തത്. ബാർ ലൈസൻസുകൾ കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഏകാംഗ കമ്മീഷനെ നിയോഗിക്കുകയോ ടേംസ് ഓഫ് റഫറൻസ് അംഗീകരിക്കുകയോ ചെയ്തില്ല എന്നുള്ളതാണ് രണ്ടാമത്തെ ആരോപണം, വസ്തുതകൾ മനസ്സിലാക്കാതെ ആരോപണം ഉന്നയിക്കുന്നത് ശരിയല്ല. 23–01–2013-ൽ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് രാമചന്ദ്രനെ കമ്മീഷണനായി നിയമിക്കുകയും കമ്മീഷൻ റിപ്പോർട്ട് ലഭിക്കുന്നതുവരെ ബാറുകൾക്ക് ലൈസൻസുകൾ കൊടുക്കേണ്ട എന്ന് തീരുമാനിക്കുകയും ചെയ്തു. ടേംസ് ഓഫ് റഫറൻസ് പുറപ്പെടുവിച്ചിട്ടില്ലെന്നു പറയുന്നതും ശരിയല്ല. 04–03–2013-ൽ ടേംസ് ഓഫ് റഫറൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗവൺമെന്റ് കേസ്സുകൾ തോറ്റുകൊടുക്കുന്നുവെന്നുള്ളതാണ് മൂന്നാമത്തെ ആരോപണം. അതും ശരിയല്ല. കേസ്സുകൾ തോറ്റുകൊടുത്ത് ബാർ ലൈസൻസ് കൊടുക്കുവാനാണെങ്കിൽ ത്രീ സ്റ്റാർ, ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് കൊടുക്കുന്ന നയം തുടർന്നാൽ മതിയായിരുന്നു. കേരളത്തിന്റെ സാമൂഹ്യ സാഹചര്യങ്ങളിൽ മദ്യത്തിന്റെ വിപത്ത് ഭയാനകമായി ഉയർന്നു വന്നപ്പോഴാണ് ബാർ ലൈസൻസ് കൊടുക്കേണ്ടെന്ന് തീരുമാനിച്ചിട്ടുള്ളത്. ഈ വർഷം ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് കൊടുക്കുവാൻ തീരുമാനിച്ചപ്പോൾ അമ്പലം, പള്ളി, സ്കൂൾ, ആശുപത്രി എന്നിവയിൽ നിന്നുള്ള അകലം 50 മീറ്ററിൽ നിന്നും 200 മീറ്റർ എന്നുള്ള ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് അടുത്ത വർഷം മുതൽ

മാത്രമേ ബാർ ലൈസൻസ് നൽകുകയുള്ളൂ. അത്തരം ഹോട്ടലുകൾക്ക് ബാർ ലൈസൻസ് കിട്ടണമെങ്കിൽ 25 മുറികൾ വേണമെന്ന നിബന്ധനയും കൊണ്ടുവന്നിട്ടുണ്ട്. കൗണ്ടർ പെറ്റീഷൻ ഫയൽ ചെയ്യാനുള്ള സാവകാശം നൽകാത്തതിനെത്തുടർന്ന് ഈ കേസ് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലും ചുമതലയിലും സംസ്ഥാന സർക്കാർ ഏജൻസിയായ സി–ഡിറ്റ് അല്ലെങ്കിൽ കെൽട്രോൺ വഴി ഹോളോഗ്രാം നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇൻഡ്യൻ കറൻസി നോട്ടിലുള്ള 23 സെക്യൂരിറ്റി ഫീച്ചറുകളടങ്ങിയ ഹൈ സെക്യൂരിറ്റി ലേബലുകളുടെ ഡിസൈൻ, പ്രിന്റിംഗ്, വിതരണം തുടങ്ങിയവ എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കും. എല്ലാ കെ.എസ്.ബി.സി. വെയർഹൗസുകളിലും പ്രിന്റിംഗ് പ്രസ്സിലും സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തും. സുതാര്യമായ ബിഡ്ഡിംഗ് പ്രോസസ്സിലൂടെ സെക്യൂരിറ്റി ലേബൽ നിർമ്മാണത്തിനായി സെക്യൂരിറ്റി പ്രസ്സിനെ തെരഞ്ഞെടുക്കുന്നതാണ്. ഈ പ്രസ്സിന് ഐ.ബി.എ.യുടെ അംഗീകാരമുണ്ടായിരിക്കണം. ബാർ ഹോട്ടലിന്റെ പാർട്ട്ണർഷിപ്പ് ഒഴിയുന്നതിന് 2 ലക്ഷം രൂപയും പാർട്ട്ണർഷിപ്പെടുക്കുന്നതിന് 20 ലക്ഷം രൂപയും എന്ന നിരക്കിൽ ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു സ്വകാര്യ ഡിസ്റ്റിലറിക്കും മദ്യം ഉല്പാദനത്തിന്റെ തോത് വർദ്ധിപ്പിക്കാനുള്ള അനുവാദം കൊടുത്തിട്ടില്ല. ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളെല്ലാം അടിസ്ഥാനരഹിതമാണ്.

(ബാർ ലൈസൻസ് നൽകിയതിലെ അഴിമതി സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറാകാത്ത സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവിന്റെ പ്രസ്താവനയ്ക്കുശേഷം പ്രതിപക്ഷാംഗങ്ങൾ സഭ ബഹിഷ്കരിച്ചു.)

## റൂളിംഗ്

### സഭാംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടം

മി. സ്പീക്കർ: ഗവൺമെന്റ് ചീഫ് വിപ്പിനെതിരെ ഉന്നയിച്ചിട്ടുള്ള പ്രശ്നം പരിശോധിച്ച് അടുത്ത സമ്മേളന കാലത്ത് റിപ്പോർട്ട് സമർപ്പിക്കണമെന്ന് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയോട് ചെയർ നിർദ്ദേശിക്കുന്നു.

ചെയർ നൽകിയ റൂളിംഗിന്റെ സ്പിരിട്ട് അതേ അർത്ഥത്തിൽ ഉൾക്കൊണ്ടുകൊണ്ട് ശ്രീ.വി.എസ്. സുനിൽ കുമാർ പ്രകടിപ്പിച്ച വികാരം ചെയർ മനസ്സിലാക്കുന്നു.

സഭ വൈകുന്നേരം 5.54–ന് പിരിഞ്ഞു.

----